VOL - 8 ISSUE - 2

JULY 2020

# ECHOLIS 2020

A QUARTERLY BULLETIN OF LISIE MEDICAL AND EDUCATIONAL INSTITUTIONS







*Environment Friendly*

CARE *with* LOVE

LISIE HOSPITAL
ERNAKULAM

lisienewsletter2013@gmail.com




Previous Issue


## EDITORIAL BOARD

**Managing Editor**
Dr Fr Paul Karedan

**Editor-in-chief**
Prof Dr Usha Marath

**Consultant Editors**
Fr Jery Njaliath
Fr Shanu Moonjely
Fr Joseph Makkothakattu

**Associate Editors**
Dr Babu Francis
Mr Sajeev Jacob

**Editorial Members**
Ms Sherin Thomas
Mrs Sumathi P V
Mrs Manju George
Mrs Priya Unnikrishnan
Mr Venugopal S



Lisie Hospital
Ernakulam, P.B. No. 3053
Kochi - 682018
Ph: 0484 2402044
contact@lisiehospital.org
www.lisiehospital.org


# FROM THE DIRECTOR'S DESK

***Greetings to all,***

*As you are aware, we are in the midst of the crisis created by Corona pandemic, which undoubtedly is the most disruptive event in modern human history. Every day, we are faced with a bleak scenario with the number of new COVID positive cases and deaths increasing exponentially, although we are yet to reach the peak. This virus has spared none, with mighty Prime ministers, Chief Ministers, Governors and other VVIPs being laid low. In short, this turbulent period, will remain etched in our memories for many, many years.*

*This crisis has been an eye opener for us. We have now realized the advantages of work from home in non essential jobs, the value of unpaid work done by women in our homes. We also understand the contribution of women leaders, Nurses and Paramedical team when it came to handling a real crisis.*

*There will surely be severe short term pain, tragic loss of life and livelihood. But I am sure that humanity as a whole and Indians in particular will emerge out of this crisis stronger. We will bounce back considering our past track record of surviving many foreign invasions, colonization, sweeping famines, natural disasters, epidemics such as plague, small pox etc.. We survived every disaster and built a glorious nation. As usual, we will survive this crisis too and come out stronger provided we ensure strict implementation of COVID protocol viz wearing mask, maintaining social distancing, sanitizing etc.*

*On 1st July we celebrated Doctor's day and honored our unsung heroes who, unmindful of the risk they face daily, while treating patients suffering from contagious diseases lead from the front and brought glory to our hospital. Undoubtedly, it is due to their commitment, integrity, professional skills, devotion to duty and ability to inspire confidence in the minds of patients that we are still able to attract patients despite the fear generated among the patients by COVID-19.*

*On 21 July 2020 we once again scripted history by repeating the feat performed earlier on 13.05.2020 by transporting in state government's helicopter, the heart harvested from 27 year old Anujith, a social worker who was declared brain dead in Trivandrum and successfully implanted it within 3 hrs 11 mints in the body of 55 year old Sunny Thomas (whose only hope of survival was undergoing heart transplant surgery). I am glad to inform that Mr. Sunny M Thomas has fully recovered just as Mrs. Leena who underwent similar Heart transplant surgery on 13 May 2020. Both these successful feats speaks volumes about the meticulous planning, close coordination with State Government Authorities and professional skills of our heart transplant team headed by Padmashree. Dr. Jose Chacko Periapuram.*

*I gladly inform you that recently our hospital received NABL Accreditation and License for conducting COVID-19 testing (TRUE NAT and Antigen) and also License for conducting Liver, Pancreas, Intestine Transplant(in addition to Licenses which we already have for conducting Kidney, Heart Transplant).*

*Stay Safe... Ensure safety of others... Follow Covid - 19 protocols*

***May God Bless You….,***
***Dr Fr Paul Karedan.***
***Director***

# ജീവദാൻ പദ്ധതി

***വിഭാഗമായ സഹൃദയയും സംയുക്തമായി Rs. 5,22,321 ചെലവഴിച്ച് ഒരു മാസത്തെ മരുന്ന് മേയ് 6 ന് 50 ഇടവകകളിലെ 519 രോഗികൾക്ക് സൗജന്യമായി വിതരണം ചെയ്തു.***



മഹാമാരിയുടെയും ലോക് ഡൗണിന്റെയും കാലത്ത് അനേകർക്ക് ആശ്വാസമായി ജീവദാൻ. ലിസി ആശുപത്രിയും, എറണാകുളം അങ്കമാലി അതിരൂപതയുടെ സാമൂഹിക സേവന വിഭാഗമായ സഹൃദയയും സംയുക്തമായി നടപ്പാക്കിയ സൗജന്യ മരുന്ന് വിതരണ പദ്ധതിയാണ് ജീവദാൻ. നാലു ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന അതിരൂപതയിലെ 50 ഇടവകകളിലെ കിടപ്പുരോഗികൾക്ക് ഒരു മാസത്തെ മരുന്ന് സൗജന്യമായി പദ്ധതിയിലൂടെ നൽകി. Rs. 5,22321 രൂപ ഇതിനായി ചെലവഴിച്ചു.




ഇടവകകളിൽ നിന്ന് ബഹുമാനപ്പെട്ട വികാരിയച്ചന്മാരിലൂടെ സമാഹരിച്ച കുറിപ്പടി പ്രകാരമുള്ള മരുന്നുകൾ ആശുപത്രിയിൽ നിന്ന് ഫാർമസിസ്റ്റുകളുടെ നേതൃത്വത്തിൽ നേരിട്ട് ഇടവകകളിൽ എത്തിച്ചു നൽകുകയായിരുന്നു. ഓരോ ഇടവകയിലും 15 പേർക്ക് വീതമാണ് മരുന്നുകൾ നൽകിയത്. ആശുപത്രിയിൽ മേയ് 6ന് നടന്ന ചടങ്ങിൽ മരുന്നുമായി പോയ ആംബുലൻസ്, ഡയറക്ടർ ഡോ ഫാ പോൾ കരേടൻ ഫാഗ് ഓഫ് ചെയ്തു. ഫാ ജെറി ഞാളിയത്ത് (അസി. ഡയറക്ടർ), ഫാ ഷനു മൂഞ്ഞേലി (അസി. ഡയറക്ടർ), സാബു (ഡി ജി എം), സിസ്റ്റർ സ്നേഹജ (ഫാർമസി ഇൻചാർജ്), ഫാർമസിസ്റ്റുമാർ, ആംബുലൻസ് ടീം എന്നിവരും ചടങ്ങിൽ പങ്കെടുത്തു.




## SANITIZER OF LISIE HOSPITAL



Hand Sanitizer of Lisie Hospital Pharmaceuticals As part of Govt's "Break the Chain'' campaign, Lisie Hospital Pharmaceuticals has manufactured hand sanitizer named 'LISRUB'. Shri V S Sunil Kumar, Honourable Minister while inaugurating the distribution of 'LISRUB' in a simple function in the hospital on 11 April 2020 declared that institutions in the health sector such as Lisie Hospital are doing a commendable job in supporting the programme of the govt. In the initial phase 'LISRUB' will be supplied totally free of cost to those who are in the forefront in the fight against the pandemic along with health workers, such as Police officers, Press persons, Cleaning staff.






# നാഗർകോവിലിലെ നവജാതശിശുവിന് ലിസി ആശുപത്രിയിൽ പുനർജന്മം



ജീവിതത്തിലൊരിക്കലും ആ നിമിഷം സോഫിയ നസ്രിയ ബാനു മറക്കില്ല. പിറന്ന് വീണ ഉടനെ കൺമണി ഗുരുതരമായ രോഗബാധിതയാകുക, അനേകം കാതങ്ങൾ അകലെയുള്ള ആശുപത്രിയിലേക്ക് കുഞ്ഞിനെ വിട്ടുകൊടുക്കേണ്ടിവരിക,
പിടയ്ക്കുന്ന നെഞ്ചോടെ വീട്ടിൽ കാത്തിരിക്കേണ്ടി വരിക, ഉള്ളിൽ തിരതല്ലുന്ന മാതൃവാത്സല്യത്തിന്റെ നോവറിയുക, പതിനഞ്ചു ദിനങ്ങൾക്ക് ശേഷം പൂർണ്ണ ആരോഗ്യത്തോടെ കൺമണിയെ കൈകളിൽ ഏറ്റുവാങ്ങാനാവുക ഏത് അമ്മയ്ക്ക് മറക്കാനാകും
ഇതൊക്കെ ? തന്റെ കൈയ്യിലിരുന്ന് പാൽപുഞ്ചിരി പൊഴിക്കുന്ന കുഞ്ഞു മുഖം കാണുമ്പോൾ ഈ അമ്മ പക്ഷേ അതൊന്നും ഓർമ്മിക്കുന്നേയില്ല.

ചരുങ്ങിയ ദിനങ്ങൾ കൊണ്ട് ഒരായുസ്സിന്റെ ആകുലതകളിലൂടെയാണ് സോഫിയ കടന്നു പോയത്. ഏപ്രിൽ 14 ന് വിഷുദിനത്തിലാണ് നാഗർകോവിലിലെ ജയഹരൺ ആശുപത്രിയിൽ സോഫിയ തന്റെ രണ്ടാമത്തെ കുഞ്ഞിന് സിസേറിയനിലൂടെ ജന്മം നൽകിയത്. ജനിച്ച ഉടനെ കുഞ്ഞിന്റെ ശരീരത്തിൽ നീലനിറം വ്യാപിച്ചതിനെത്തുടർന്ന് ജയഹരണിലെ കാർഡിയോളജിസ്റ്റ് ഡോ വെങ്കിടേഷ് ലിസി ആശുപത്രിയിലെ കുട്ടികളുടെ ഹൃദ്രോഗ വിഭാഗം മേധാവി ഡോ. എഡ്വിൻ ഫ്രാൻസിസിനെ ബന്ധപ്പെട്ട് കുഞ്ഞിനെ ലിസി ആശുപത്രിയിലെത്തിക്കാൻ തീരുമാനിക്കുകയായിരുന്നു. ലോക്ക്ഡൗൺ ആയതിനാൽ യാത്രാസൗകര്യം ഒരുക്കുന്നതിന് ലിസി ആശുപത്രി അധികൃതർ മുഖ്യമന്ത്രി പിണറായി വിജയനെ
ബന്ധപ്പെടുകയായിരുന്നു. അദ്ദേഹത്തിന്റെ സമയോചിതമായ ഇടപെടലിനെ തുടർന്നാണ് പെട്ടെന്നുള്ള
സംസ്ഥാനാന്തരയാത്ര സാധ്യമായത്. അന്ന് രാത്രി തന്നെ കുഞ്ഞിനെ നാഗർകോവിലിൽ നിന്ന് ലിസി ആശുപത്രിയിൽ എത്തിക്കുകയും പിറ്റേന്ന് രാവിലെ ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ ആരംഭിക്കുകയും ചെയ്തു.






ശുദ്ധരക്തവും, അശുദ്ധരക്തവും വഹിക്കുന്ന കുഴലുകൾ പരസ്പരം മാറിപ്പോകുന്ന 'ട്രാൻസ്പൊസിഷൻ ഓഫ് ഗ്രേറ്റ് ആർട്ടറീസ്' എന്ന സങ്കീർണമായ രോഗമായിരുന്നു കുഞ്ഞിന്. രണ്ട് ധമനികളും മുറിച്ചെടുത്ത് പരസ്പരം മാറ്റിവച്ചതിനൊപ്പം മഹാധമനിയിൽ നിന്നും ആരംഭിക്കുന്ന ഒരു മില്ലിമീറ്റർ മാത്രം വ്യാസമുള്ള രക്തധമനികളെ ഇടത്തെ അറയിലേക്ക് മാറ്റുകയും ചെയ്തു. അതിസങ്കീർണമായ ശസ്ത്രക്രിയ പൂർത്തിയാക്കാൻ ഏകദേശം ഏഴു മണിക്കൂറെടുത്തു. കുട്ടികളുടെ ഹൃദയശസ്ത്രക്രിയാ വിദഗ്ദ്ധനായ ഡോ. ജി. എസ്. സുനിലിന്റെ നേതൃത്വത്തിലായിരുന്നു ശസ്ത്രക്രിയ. ഡോ. എഡ്വിൻ ഫ്രാൻസിസ്, ഡോ. ജസൺ ഹെൻട്രി, ഡോ. ഫിലിപ്പ് മാത്യു, ഡോ. അനു ജോസ്, ഡോ. ബിജേഷ് വി, ഡോ. ദിവ്യ ജേക്കബ് എന്നിവർ ശസ്ത്രക്രിയയിലും, തുടർചികിത്സയിലും പങ്കാളികളായി. സർക്കാർ
പ്രതിനിധിയായി എറണാകുളം ജില്ലാകളക്ടർ എസ്. സുഹാസ് കഴിഞ്ഞ ദിവസം കുഞ്ഞിനെ സന്ദർശിച്ചു ആരോഗ്യ വിവരങ്ങൾ
അന്വേഷിച്ചറിഞ്ഞിരുന്നു.

ലിസി ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടന്റെ നേതൃത്വത്തിൽ കേക്ക് മുറിച്ചു ഹൃദ്യമായ യാത്രയയപ്പാണ് കുഞ്ഞിന് നൽകിയത്. എല്ലാവരുടെയും സാന്നിധ്യത്തിൽ കുഞ്ഞിന്റെ അച്ഛൻ മുഹമ്മദ് ഫൈസൽ 'ഫസ്രിൻ ഫാത്തിമ' എന്ന് കുഞ്ഞിന് പേരിടുകയും ചെയ്തു. 'ദൈവത്തിന്റെ സമ്മാനം' എന്നാണ് ഫസ്രിൻ എന്ന അറബി വാക്കിന്റെ അർത്ഥം. ഫാ. ജെറി ഞാളിയത്ത്, ഫാ. ഷനു മൂഞ്ഞേലി, ഫാ. ജോസഫ് മാക്കോതക്കാട്ട്, ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ഡോ. റോണി മാത്യു, ഡോ. ജേക്കബ് എബ്രഹാം എന്നിവരും കുഞ്ഞിനെ യാത്രയാക്കാൻ എത്തിയിരുന്നു. ശസ്ത്രക്രിയാ പൂർണ്ണ വിജയമായിരുന്നെന്നും, കുഞ്ഞിന് ഇനി മുതൽ സാധാരണ ജീവിതം നയിക്കാൻ സാധിക്കുമെന്നും ഡോ. ജി. എസ്. സുനിൽ
പറഞ്ഞു.

ആരോഗ്യസുരക്ഷ മുൻനിർത്തി തിരുവനന്തപുരം, കളിയിക്കാവിളയിൽ വച്ചു, സംസ്ഥാന അതിർത്തി കടക്കാതെയാണ് ലിസി
ആശുപത്രിയിലെ നഴ്സ് റീത്താഗീതുവിന്റെ കൈയിൽ നിന്നും സോഫിയ കുഞ്ഞിനെ ഏറ്റുവാങ്ങിയത്. പീഡിയാട്രിക് കാർഡിയാക് സർജറി വിഭാഗത്തിലെ ഫിസിഷ്യൻ അസിസ്റ്റന്റ്
എബിൻ എബ്രഹാമും ആംബുലൻസിൽ കുഞ്ഞിനെ അനുയാത്ര ചെയ്തിരുന്നു.





Lisie Medical and Educational Institutions have been conducting LISQUIZ from the year 2017. This year. 3rd Edition of LISQUIZ was organized in for the students of our colleges. A major topic covered under LISQUIZ 2020 was about COVID 19.

The qualifying round of the competition was held on 25 May 2020 by online mode. Out of 355 participants, first six students with highest score (Jyothis Jaison (BSc Nursing, IVth year) Jiya James (BSc Nursing, Ist year) Shari P S (BSc Nursing, IIIrd Year), Sonu Poulose (BSc Nursing, IInd year ) Cecil Rose Varghese (BSc Nursing, IVth year), Lisie College of Nursing and Dany Alias (D.Pharm, IInd year), Lisie College of Pharmacy qualified to participate in the final round which was conducted on 06 June 2020, from 10 am to 12 pm, through video conferencing mode. Fr Shanu Moonjely inaugurated the competition. Quizmaster for LIZQUIZ 2020 was Dr Jinu Isaac, (Professor, Lisie College of Pharmacy). The students showcased their brilliance by rapidly answering the questions. Cecil Rose Varghese, IVth year BSc nursing student at Lisie College of Nursing won the First Prize. The prize money (Rs 3000) received by Cecil Rose Varghese was wholeheartedly contributed for providing 100 masks to poor patients undergoing dialysis in Lisie Hospital. Rev Fr (Dr) Paul Karedan, Director presented 100 high-quality reusable masks meant for poor dialysis patients to, Rev Sr Daria (Sr Incharge, Dialysis Unit, Lisie Hospital). LIS QUIZ 2020 provided a good opportunity for our students to update and improve their knowledge especially about various aspects of the COVID 19 pandemic. The conduct of the LISQUIZ 2020 was guided by Fr Jery Njaliath (Asst. Director, Lisie Hospital) and was supported by Mr Jose Cherian, (Administrator, Lisie Hospital), Mr Sajeev Jacob (Senior Manager, Public Relations), Mr Boby Paul (Asst Manager, Lisie Educational Institutions), Dr Shabeer Iqbal (Principal, Lisie College of Allied Health Sciences) and Dr Sony Jacob K (Assistant Professor, Lisie College of Pharmacy). Mr Jijo Chacko (Head, IT Dept) and Mr Venugopal S (Communication Dept), provided all technical support for the conduct of the program through online mode.







Original Article | Published: 24 January 2020

## Mucosal Melanomas of the Head and Neck—a Tertiary Cancer Centre Experience

Sandeep Suresh, Nebu Abraham George, Deepak Janardhan, Preethi Sara George, Shirish Patil, Ciju K. George, Bipin T. Varghese & J. V. Ammu

*Indian Journal of Surgery* **82**, 625–631(2020) | Cite this article

**22** Accesses | Metrics



Dr Sandeep Suresh
Consultant in Head & Neck Surgical Oncology

Mucosal melanoma is a relatively rare tumour of the head and neck with a very poor prognosis. Managing this disease entity becomes more difficult due to high chances of disease failure locoregionally and at distant sites. This study assessed the treatment outcomes and factors affecting prognosis of head and neck mucosal melanomas. Forty-one cases of mucosal melanomas of head and neck (MMHN) treated in our institution during 10 years were retrospectively reviewed. Data regarding the clinicopathological parameters and treatment outcomes was collected. Survival was calculated using Kaplan-Meier method. The most common subsite of MMHN was upper alveolus and hard palate (39%). Thirty-one of the 41 cases underwent surgery whereas 10 cases were treated with palliative intent. At presentation, 15 of 41 cases had lymph node involvement and majority of them had primary in the oral cavity: sinonasal region had low chances of lymph node metastasis. Seventy-four percent of cases underwent adjuvant post-operative radiotherapy. For surgically treated cases, 5-year disease-specific survival (DSS) was 35.7%. Mucosal melanomas of nose and paranasal sinuses had a better overall survival than oral cavity. Distant metastasis was the most common cause of disease failure in 12 of 24 cases and had a significant association with disease-specific survival. The stage of the disease was a significant prognostic indicator. Sinonasal cavity mucosal melanomas have a better prognosis than mucosal melanomas in other subsites. Overall survival for surgically treated cases was significantly better than cases treated non-surgically. Presence of lymph node metastasis reduced the survival by 50% in MMHN.

---

Journal of the American Heart Association

ORIGINAL RESEARCH

## Procedural Volume and Outcomes After Primary Percutaneous Coronary Intervention for ST-Segment–Elevation Myocardial Infarction in Kerala, India: Report of the Cardiological Society of India–Kerala Primary Percutaneous Coronary Intervention Registry

Abdullakutty Jabir, DM; Anoop Mathew, MD; Yinggan Zheng, MA; Cynthia Westerhout, PhD; Sunitha Viswanathan, DM; Placid Sebastian, DM; Prasanna Kumar, DM; Sripal Bangalore, MD; Kevin R. Bainey, MD; Robert Welsh, MD



Dr Jabir Abdullakutty
Senior Consultant & Director of Clinical Research (Cardiology)

**Kerala heart attack treatment world class**

As per the report of Primary angioplasty registry of Kerala, a multicenter study in Kerala done by cardiological society of India, Kerala chapter published in journal of American heart association June 2020.

Cardiovascular disease is the leading cause of deaths and disabilities worldwide. Around 18 million deaths occur annually due to cardiovascular diseases. Over three fourths of cardio vascular disease deaths occur in low and middle income countries. Four out of five cardio vascular diseases are due to heart attacks and strokes. Acute STEMI (heart attack) is the most lethal cause of mortality in CVD with mortalities varying from 5% to 20 % worldwide. STEMI occurs due to sudden block of coronary artery, the blood vessel which carries blood to the heart muscles. The sudden blockage is due to the abrupt development of a blood clot at the site of one the blocks in the coronary artery.

The best treatment for this is the immediate reopening of the occluded vessel with the help of an emergency balloon angioplasty (primary angioplasty) and keep the vessel open using a coronary stent. This is the standard of treatment worldwide. The best centers in the world have an inhospital mortality rate of around 5%.Tha data from Australia in 2016 showed a one year mortality of 7.3 % with primary angioplasty. The Swedish studies showed an in hospital mortality of 4 % .The US studies have shown an inhospital mortality of 2.3 to 4.4%.

We didn't have much published data from India regarding the current one month and one year mortality after primary angioplasty. The last data published in Indian heart journal November 2016 showed an in hospital mortality of 12.9% for primary angioplasty in a study reported from AIMS, New Delhi. The cardiological society of India, Kerala chapter undertook a study of primary angioplasty in various hospitals of Kerala during the period 2013-2016 with Dr Jabir and Dr Anoop Mathew as principal investigators. The results of the study has been published in the June 2020 issue of journal of American heart association.6057 patients from 48 hospitals across Kerala were enrolled in to the study and 5560 patients were taken for final analysis after exclusion of the other patients for various reasons. This is almost 50 % of the hospitals capable of doing primary angioplasty currently. Of all the patients 42 % were diabetics and 41 % were hypertensives. The study population consisted of 18 % females. One month overall mortality was 4.2% and one year overall mortality was 7.4%.Th e one month mortality varied from 2.2 to 4.6% and one year mortality varied from 3.4 to 8.6%.This is at par with the standard of care in the US and Europe. This is much better when compared to the data from New Delhi reported in November 2016..Average time from symptom onset to procedure was 3.9 hours (Total Ischemic time).The mortality rates seen in middle volume hospitals (doing 100-200 primary angioplasties /year) was found to be better when compared to low and high volume hospitals. This could be due to the delay in patients presenting to the high volume hospitals and the more serious complex disease attended by the high volume hospitals ,Dr Jabir the principal investigator commented. The high volume hospitals are predominantly the government medical colleges where the low income people reaches after initially presenting to other hospitals and subsequent transportation to the government hospitals due to financial constraints.

This is the published data of the largest multicenter registry of primary angioplasty in India to the best of our knowledge.

**What is the message of this study**

1.primary angioplasty results in Kerala are at par with the best centers in the world and this should be the treatment of choice in STEMI.(heart attack).

2.Our patients take a longer time to reach hospitals after onset of heart attack symptoms.

3.Majority patients do not have health insurance coverage and they pay from their pocket.(65%)

4.The only insurance coverage is the government level free treatment available predominantly in government hospitals

**What measures should we take**

Increased public awareness about symptoms of heart attack and the need to avail immediate medical help preferably in the nearest centre with primary angioplasty capability.

System for the public access to information regarding the nearest centre with Primary angioplasty facility and ambulance support /Emergency response system as in western countries to reach the hospital as early as possible in the safest mode. Policy changes to provide timely primary angioplasty care to the maximum number of heart attacks patients in the state to save more lives.

More insurance and government level support for primary angioplasties in all capable hospitals.

The study was funded entirely by cardiological society of India, Keralachapter. The major investigators are Dr Jabir A, Dr Anoop Mathew, Dr Sunitha Viswanathan, DrPrasannakumar, Dr Placid Sebastian, Dr Ashraf S M and Dr Sunil Pisharody.

# WORLD ENVIRONMENT DAY 2020



ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് ലിസി ആശുപത്രിയിലെ മെഡിക്കൽ സോഷ്യൽ വർക്ക് വിഭാഗം ഒരു തൈ നടൂ...ഒരു ഫോട്ടോ എടുക്കൂ...എന്ന പേരിൽ പ്രത്യേക പ്രചാരണം സംഘടിപ്പിച്ചു. പ്രചാരണത്തിന്റെ ഭാഗമായി ആശുപത്രി അങ്കണത്തിൽ ഡയറക്ടർ ഫാ പോൾ കരേടൻ മാവിൻ തൈ നട്ടു. അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ ജെറി ഞാളിയത്ത്, ഫാ ഷനു മൂഞ്ഞേലി, മെഡിക്കൽ സൂപ്രണ്ട് ഡോ ബാബു ഫ്രാൻസിസ്, നഴ്സിംഗ് അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ആൻസലം, സി എഫ് ഒ ജോസ് സെബാസ്റ്റ്യൻ, സോഷ്യൽ വർക്ക് വിഭാഗം ഹെഡ് സിസ്റ്റർ അൽഫോൻസ എന്നിവർ സന്നിഹിതരായിരുന്നു. ആശുപത്രി ജീവനക്കാരും മെഡിക്കൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികളും ഉൾപ്പടെ ഇരുന്നൂറ്റി അൻപതോളം പേർ അവരവരുടെ വീടുകളിൽ മരം നടുന്ന ചിത്രങ്ങൾ അയച്ച് പ്രചാരണത്തിൽ പങ്കു ചേർന്നു.

## Online Classes for students during lock-down period




വിദ്യാർത്ഥികളുടെ പഠനം മുടങ്ങാതെ ഓൺലൈനായി ക്ലാസുകൾ നടത്തി ലിസി കോളേജ് ഓഫ് നഴ്സിംഗ്, ലിസി കോളേജ് ഓഫ് ഫാർമസി, ലിസി സ്കൂൾ ഓഫ് നഴ്സിംഗ്. ഓൺലൈൻ ക്ലാസ്സുകൾക്കായി ലിസി കോളേജ് ഓഫ് അലെഡ് ഹെൽത്ത് സയൻസസ് ഔദ്യോഗിക യൂട്യൂബ് ചാനലും ആരംഭിക്കുകയുണ്ടായി.

## Evolet 2020














On behalf of the lab week celebration RAMT, Lisie College Of Allied Health Sciences conducted Evolet 2020 for the BSc MLT students. Most of the students participated in the online competition. It was an opportunity for the students to demonstrate their potential during this lockdown period. The prizes won are. Drawing competition first prize Niljiya Jijimon (1st yr BSc MLT), second prize Sreethu S L(1st yr BSc MLT), third prize Sruthimol S Kumar (IIIrd yr BSc MLT). Essay writing English first prize Sreethu S L (1st yr BSc MLT), second prize Anaina Rose Anto (IInd yr BSc MLT), third prize Nithin Varghese (IInd yr BSc MLT). Essay writing Malayalam first prize Greeshma Surendran (IInd yr BSc MLT), second prize Namratha Joseph (IInd yr BSc MLT), third prize Daya Rose Robin (1st yr BSc MLT). Photography contest first prize Sruthimol S Kumar (IIIrd yr BSc MLT), second prize MeenuSankar (IIIrd yr BSc MLT), third prize NamrauthaJoseph( IInd yr BSc MLT). These enthusiastic students even being in their homemade this event a great success.

# മാത്യു അച്ചാടനും, സന്ധ്യയും ലീനയെ സന്ദർശിച്ചപ്പോൾ



ഹൃദയത്തിന്റെ ദുഃഖവും സന്തോഷവുമൊക്കെ ഹൃദയത്തിന് മാത്രമേ അറിയൂ എന്ന് എഴുതപ്പെട്ടത് വെറുതെയല്ല. ചില മുഹൂർത്തങ്ങളിൽ ഹൃദയത്തിൽ സംഭവിക്കുന്നവയെ വിവരിക്കുവാൻ വാക്കുകൾക്ക് കഴിയാതെ വരും. പറന്നു വന്ന ഹൃദയങ്ങൾ സ്വീകരിച്ച മൂന്ന് മനുഷ്യർ ലിസി ആശുപത്രിയിൽ കണ്ടു മുട്ടിയ നിമിഷം അത്തരത്തിലൊന്നായിരുന്നു. രണ്ടാഴ്ച്ച മുൻപ് ഹെലികോപ്ടറിൽ എത്തിച്ച ഹൃദയം സ്വീകരിച്ച ലീന യെ, വർഷങ്ങൾക്ക് മുൻപ് വ്യോമമാർഗ്ഗമെത്തിച്ച ഹൃദയം ലിസി ആശുപത്രിയിൽ വച്ചു സ്വീകരിച്ച മാത്യു അച്ചാടനും സന്ധ്യയും സന്ദർശിച്ചതാണ് രംഗം.

മൂന്ന് ഹൃദയങ്ങളും തിരുവനന്തപുരത്ത് നിന്നായിരുന്നു എന്നത് കൗതുകകരമായ യാദൃശ്ചികതയാകാം. ലീനയിൽ ഇപ്പോൾ ലീന മായിരുന്ന് താളവ്യത്യാസങ്ങൾ ഒന്നുമില്ലാതെ മിടിക്കുന്നത് ലാലി ടീച്ചറുടെ ഹൃദയമാണ്. 2015 ൽ മസ്തിഷകമരണം സംഭവിച്ച നീലകണ്ഠ ശർമ്മയുടെ  ഹൃദയം നേവിയുടെ ഡോണിയർ വിമാനത്തിൽ എത്തിച്ചാണ് ചാലക്കുടി പരിയാരം സ്വദേശി മാത്യു അച്ചാടനിൽ വച്ചു പിടിപ്പിച്ചത്.

2016 ൽ സമാനരീതിയിൽ എത്തിച്ച വിശാലിന്റെ ഹൃദയമാണ് സന്ധ്യയെ പുതിയ പ്രഭാതങ്ങളിലേക്ക് നയിച്ചത്. സ്വന്തമായി ഓട്ടോ ടാക്സി ഓടിച്ചാണ് മാത്യു ഇപ്പോൾ ജീവിക്കുന്നത്. അലങ്കാര മത്സ്യവിൽപ്പനയിലൂടെയാണ് സന്ധ്യ ജീവിതം മുന്നോട്ട് കൊണ്ട് പോകുന്നത്. വർഷം തോറുമുള്ള തുടർപരിശോധന കൾക്കായാണ് മാത്യുവും, സന്ധ്യയും ലിസി ആശുപത്രിയിൽ എത്തിയത്. മാത്യുവിന്റെ  ഒപ്പം ഭാര്യ ബിന്ദുവും, സന്ധ്യയുടെ ഒപ്പം മകൻ നാല് വയസ്സുകാരൻ ഗൗതം, ഭർത്താവ് പ്രമോദ് എന്നിവരും ഉണ്ടായിരുന്നു. അവർ വരുന്നതറിഞ്ഞ് ലീന കാണാൻ താൽപ്പര്യം പ്രകടിപ്പിക്കുകയായിരുന്നു. സാധാരണ ജീവിതം നയിക്കുന്ന മാത്യുവിനെയും സന്ധ്യയെയും കണ്ടപ്പോൾ തന്റെ ആത്മവിശ്വാ സം വളരെയധികം വർദ്ധിച്ചെന്ന് ലീന പറഞ്ഞു. ലീനയ്ക്കും തങ്ങളെപ്പോലെ എത്രയും വേഗം സാധാരണ ജീവിതത്തിലേക്ക് മടങ്ങിവരാൻ കഴിയട്ടെ എന്നാശംസിച്ച് അവർ മടങ്ങുമ്പോൾ ലീന യുടെ മുഖത്ത് അതുവരെയില്ലാത്ത ഒരു തെളിച്ചമുണ്ടായിരുന്നു.

ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം മുറിയിൽ വിശ്രമിക്കുന്ന ലീനയുടെ ആരോഗ്യനില പൂർണ്ണ തൃിപ്തികരമാണെന്നും വൈകാതെ തന്നെ ആശുപത്രി വിടാനാകുമെന്നും ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു. ആശുപത്രി ഡയറക്ടർ ഫാ. പോൾ കരേടൻ സന്നിഹിതനായിരുന്നു.

## Congratulations
## Lisie Biomedical Team



Lisie Hospital Biomedical Department gave free technical support to the Adishankara Engineering College in designing the Ventilator. Lisie Hospital continues its commitment to the society and upcoming Biomedical Engineers.

## LABORA 2020



'Art makes us realize the importance of pursuing our passion and expressing ourselves' As a part of the laboratory week celebration, the KUHS MLT faculty association (KMFA) conducted LABORA 2020. MLT Faculty from various colleges took part in a series of competitions. This created an unusual opportunity to open up the talents of the teachers of KMFA by conducting various online competitions. It became a relaxation time pass during the tough lockdown period. Dr Shabeer S Iqbal, Principal LCOAH (1st prize in slogan writing) and Ms Mila VS, Assistant professor, LCOAH (1st prize in the poster, 1st prize in bottle painting and 2nd prize in cartoon competition), won various prizes adding numerous feathers to its cap of achievements in the different competitions.

# Beat the Corona with your Creativity

**Covid19 Challenge to Lisie Medical and Educational Institution students**




Work by 2nd year BSc Nursing students (Lisie College of Nursing)



Work by Bsc MLT 2nd yr students (Lisie Colelge of Allied Health Sciences)



Video presentation by B.Pharm 4th Semester students, Lisie College of Pharmacy




Work by Diploma in Anesthesia and Critical Care Technology Students along with Dr Vandana Iyengar (Senior Consultant Anaesthesia Dept & Course Incharge, Anesthesia Technology)

Institution: Lisie Colelge of Allied Health Sciences




Work by 2nd year BSc Nursing students (Lisie College of Nursing)

**Best Wishes to**
**Rev Fr Thomas Vaikathuparambil**





പള്ളിപ്പുറം സെന്റ് മേരീസ് ഫൊറോന പള്ളിയുടെ വികാരിയായി നിയോഗിക്കപ്പെട്ട ബഹുമാനപ്പെട്ട തോമസ് വൈക്കത്തുപറമ്പിലച്ചന് ലിസി കുടുംബത്തിന്റെ ഹൃദയംഗമമായ കൃതജ്ഞതയും, സ്നേഹനിർഭരമായ പ്രാർത്ഥനകളും.

# Best Wishes to Leena



'ബ്രേക്ക് ദി ചെയിൻ' എന്നതായിരിക്കാം കാലത്തിന്റെ അടയാള വാക്യം. എന്നാൽ ഏതു കെട്ടകാലത്തിലും നന്മയുടെ ചെയിൻ 'അൺബ്രേക്കബിൾ' ആണെന്ന് തെളിയിക്കുകയാണ് എം ടെക് വിദ്യാർത്ഥിയായ ഷിയോണയും നിയമവിദ്യാർത്ഥിയായ സഹോദരൻ ബേസിലും. ലിസി ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് ശേഷം ആശുപത്രി വിട്ട ലീനയുടെ മക്കളാണ് ഇരുവരും. മറ്റൊരു കുടുംബത്തിന്റെ മഹാദാനത്തിന്റെയും ത്യാഗത്തിന്റെയും ഫലമായി അമ്മയ്ക്ക് ലഭിച്ച പുതുജീവന് പകരമായി തങ്ങളുടെ സാധ്യമായ എല്ലാ അവയവങ്ങളും ദാനം ചെയ്യാൻ സമ്മതമാണെന്ന പ്രതിജ്ഞയെടുക്കാൻ രണ്ട് പേർക്കും അധികം ആലോചിക്കേണ്ടി വന്നില്ല. അനേകർക്ക് മാതൃകയും പ്രചോദനവുമേകുന്ന നല്ല ഒരു തീരുമാനം.

ആരോഗ്യമന്ത്രി ഷൈലജ ടീച്ചർ വീഡിയോ കോൾ വഴി ചടങ്ങിൽ പങ്കെടുത്ത് ലിസി ആശുപത്രിക്കും, ചികിത്സയ്ക്ക് നേതൃത്വം നൽകിയ ഡോ. ജോസ് ചാക്കോ പെരിയപ്പുറത്തിനും, ലീനയുടെ മക്കൾക്കും അഭിനന്ദനങ്ങൾ നേർന്നു. അവയവദാനം നടത്തിയ ലാലി ടീച്ചറുടെ കുടുംബത്തെ മന്ത്രി പ്രത്യേകം സ്മരിച്ചു. എറണാകുളം അങ്കമാലി അതിരൂപത ആർച്ച് ബിഷപ്പ് മാർ ആന്റണി കരിയിൽ അനുഗ്രഹ പ്രഭാഷണം നടത്തി. KNOS മധ്യമേഖല നോഡൽ ഓഫീസർ ഡോ. ഉഷ സാമുവൽ കുട്ടികൾക്ക് ഡോണർ കാർഡ് നൽകി. എറണാകുളം അസിസ്റ്റന്റ് പോലീസ് കമ്മീഷണർ കെ. ലാൽജി ആശംസകൾ നേർന്നു.

മെയ് ഒൻപതിനാണ് കോതമംഗലം സ്വദേശി ലീന (49) ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയയായത്.
തിരുവനന്തപുരം ചെമ്പഴന്തി സ്വദേശി ലാലി ടീച്ചറുടെ (50) ഹൃദയമാണ് ഇപ്പോൾ ലീനയിൽ മിടിക്കുന്നത്. മുഖ്യമന്ത്രിയുടെ ഇടപെടലിനെ തുടർന്ന് സംസ്ഥാന സർക്കാരിന്റെ ഹെലികോപ്റ്ററിലാണ് തിരുവനന്തപുരത്തെ കിംസ് ആശുപത്രിയിൽ നിന്ന് ഹൃദയം ലിസി ആശുപത്രിയിൽ എത്തിച്ചത്. പൂർണ്ണമായും സൗജന്യമായാണ് ഹെലികോപ്റ്റർ സേവനം ലഭ്യമായത്. ലാലിടീച്ചറിൽ നിന്നും എടുത്ത ഹൃദയം നാലുമണിക്കൂറിനുള്ളിൽ ലീനയിൽ മിടിച്ചു തുടങ്ങിയത് ചികിത്സയുടെ വിജയത്തിൽ നിർണ്ണായകമായി. അഞ്ചു ദിവസങ്ങൾക്ക് ശേഷം തീവ്രപരിചരണവിഭാഗത്തിൽ നിന്നും മാറ്റിയ ലീന ഇപ്പോൾ പൂർണ്ണ ആരോഗ്യവതിയാണ്. തുടർപരിശോധനകൾക്കും വിശ്രമത്തിനുമുള്ള സൗകര്യത്തിനായി വടുതലയിലുള്ള സഹോദരിയുടെ വീട്ടിലേക്കാണ് ലീന പോയത്.




വർഷങ്ങൾക്ക് മുൻപ് തിരുവനന്തപുരത്ത് നിന്ന് വ്യോമമാർഗ്ഗം ഹൃദയം എത്തിച്ചു ലിസി ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ മാത്യു അച്ചാടനും സന്ധ്യയും കഴിഞ്ഞ ദിവസം ആശുപത്രിയിൽ ലീനയെ സന്ദർശിച്ചിരുന്നു. ആ കൂടിക്കാഴ്ച ലീനയ്ക്ക് വലിയ ആത്മവിശ്വാസമാണ് പകർന്നത്.

ആശുപത്രി വിടുന്നതിന് മുൻപ് ലീനയെ വിവിധ പരിശോധനകൾക്ക് വിധേയയാക്കിയിരുന്നു. ഏറ്റവും പ്രധാനമായ എൻഡോമയോകാർഡിയൽ ബയോപ്സി പരിശോധനയിൽ വളരെ മികച്ച ഫലമാണ് ലഭിച്ചത്. ലീനയുടെ ആരോഗ്യനില പരിപൂർണ്ണ തൃപ്തികരമാണെന്നും നിലവിലെ സാഹചര്യങ്ങളുമായി ബന്ധപ്പെട്ട ക്രമീകരണങ്ങൾ നടത്തി സാധാരണ ജീവിതവുമായി മുന്നോട്ട് പോകാനാകുമെന്നും ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു. ഡോ. ജേക്കബ് എബ്രഹാം, ഡോ. റോണി മാത്യു കടവിൽ, ഡോ. ഭാസ്കർ രംഗനാഥൻ, ഡോ. ജോ ജോസഫ്, ഡോ. ഷൈലേഷ് കുമാർ, ഡോ. ജീവേഷ് തോമസ്, ഡോ. സൈമൺ ഫിലിപ്പോസ്, ഡോ. ജോബ് വിൽസൺ, ഡോ. ഗ്രേസ് മരിയ, ഡോ. ആന്റണി ജോർജ്, ഡോ. ഹമീദ, നഴ്സിംഗ്, പാരാമെഡിക്കൽ ജീവനക്കാർ എന്നിവർ ശസ്ത്രക്രിയയിലും, തുടർചികിത്സയിലും പങ്കാളികളായിരുന്നു.

കേക്ക് മുറിച്ച് സന്തോഷം പങ്കു വച്ചാണ് ലീനയെ ലിസി ആശുപത്രിയിൽ നിന്നും യാത്രയാക്കിയത്. ഡയറക്ടർ ഫാ പോൾ കരേടൻ, അസിസ്റ്റന്റ് ഡയറക്ടർമാരായ ഫാ ജെറി ഞാളിയത്ത്, ഫാ ഷനു മൂഞ്ഞേലി എന്നിവർ ചടങ്ങിന് നേതൃത്വം നൽകി. ലീനയുടേത് ലിസി ആശുപത്രിയിൽ നടന്ന ഇരുപത്തിനാലാമത്തെ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയാണ്.



## Blssing of Spine Neuro Navigation System





The spine neuro navigation system was blessed by Dr Fr Paul Karedan (Director, Lisie Hospital) on 25 May 2020. Spine neuro navigation is a modern equipment that helps neurosurgeons and spine surgeons perform minimally invasive (key hole) surgeries for various spine and spinal cord disorders. The spine neuro navigation system that incorporates ultra modern hardware, software and tracking instruments that helps the surgeon precisely perform spinal surgeries, thus improving patient safety all throughout the procedure. In Lisie, in addition to brain neuronavigation we have started performing various spine and spinal cord related disorders like spondylosis, trauma, neoplasm (cancer), infections and various other disorders through a keyhole, with the aid of spine neuro navigation system. Performance of surgery with the aid of spine neuro navigation system helps reduce post operative pain and duration of hospital stay. In Lisie we perform these procedures at an affordable cost.

## Blessing ceremony of EBUS



Blessing ceremony of EBUS (Endobronchial ultrasound) was done by our beloved Director Dr Fr Paul Karedan on 15 May 2020.

EBUS is a special bronchoscope which enables the doctor to accurately and safely take sample from the lungs and lymph-nodes.

It's useful for the diagnosis of lung cancer and its staging, Tuberculosis, Sarcoidosis and Lymphoma.

## Blessing ceremony of Power Spiral Enteroscopy



Blessing ceremony of Power Spiral Enteroscopy was done by our beloved Director Dr Fr Paul Karedan on 15 May 2020.








# ഹൃദയംതൊട്ട മാലാഖമാർ

**സിറാജ് കാസിം**
**കൊച്ചി**

▸ മരണത്തിന്റെ ആഴങ്ങളിലേക്കു സഞ്ചാരംതുടങ്ങിയ അപരിചിതനായ ഒരാളുടെ ഹൃദയം കൈക്കുമ്പിളിലെടുക്കുക. ജീവന്റെ പ്രതീക്ഷകൾ ഇരുളിലേക്കുനീങ്ങുന്ന മറ്റൊരാളുടെ ശരീരത്തിൽ ആ ഹൃദയം തുന്നിച്ചേർക്കുക. ഒടുവിൽ അപരിചിതനായ ഒരാളുടെ ഹൃദയം മറ്റൊരുവനിൽ സ്പന്ദിച്ചുതുടങ്ങുമ്പോൾ പുതുജീവന്റെ സന്തോഷം തൊട്ടറിയുക. ജീ



▸ എറണാകുളം ലിസി ആശുപത്രിയിലെ കാർഡിയോളജി വിഭാഗത്തിലെ നഴ്സുമാരായ പ്രവിതയും സൗമ്യയും

# മറക്കില്ല, ആ അമ്മയുടെ പുഞ്ചിരി

**സിജോ പൈനാടത്ത്**

**കൊച്ചി:** "ഡോക്ടർ രോഗം ഭേദമാക്കുമ്പോൾ നഴ്സ് രോഗിയെ ശുശ്രൂഷിക്കുകയാണു ചെയ്യുന്നത്. രോഗിക്കു നിങ്ങൾ ഒരു അമ്മയെപ്പോലെ ആയിരിക്കണം" - സ്പെയിനിലെ നഴ്സായിരുന്ന കാർമെൻ ചിൽമാർട്ടിന്റേതാണു വാക്കുകൾ. പിറന്നു വീണു പിറ്റേന്നു ഗുരുതരമായ ഹൃദ്രോഗത്തിനു ചികിത്സയ്ക്കായി തമിഴ്നാട്ടിൽനിന്നു കൊച്ചിയിലെ ആശുപത്രി തീവ്രപരിചരണ മുറിയിലേക്ക് എത്തപ്പെട്ട കുഞ്ഞിനു റീത്ത ഗീതു എന്ന നഴ്സ് അമ്മയാവുകയായിരുന്നു. 15 നാൾ അമ്മയ്ക്കു പകരമായി റീത്ത കുഞ്ഞിനൊപ്പം കഴിഞ്ഞു.

ചികിത്സയ്ക്കു ശേഷം കുഞ്ഞുമായി ലോക്ക് ഡൗൺ നാളിലൊന്നിൽ 250 കിലോമീറ്ററോളം യാത്ര. സ്നേഹത്തിൽ പൊതിഞ്ഞു കുഞ്ഞിനെ അതിർത്തിയിൽ കാത്തുനിന്ന അമ്മക്കരങ്ങളിലേക്കേൽപിച്ചപ്പോൾ ആ അമ്മയുടെ മാത്രമല്ല റീത്തയുടെ കണ്ണിലും നനവുണ്ടായിരുന്നു. നഴ്സ് എന്ന പദത്തിന്റെ അർഥം തൊട്ടറിയാനായതിന്റെ ആനന്ദക്കണ്ണീർ. കുഞ്ഞിനെ ഏറ്റുവാങ്ങിയ ആ അമ്മയുടെ പുഞ്ചിരി ജീവിതത്തിൽ എക്കാലവും ഓർമിക്കുമെന്നു റീത്ത പറഞ്ഞു.

നഴ്സായി ജോലിയിൽ പ്രവേശിച്ച് ഒരു വർഷമെത്തും മുമ്പേ ജീവിതത്തിലെ അനുഗ്രഹീത നിമിഷങ്ങളിലൂടെ കടന്നു പോയതിന്റെ നിറവിലാണ് റീത്ത ഗീതു. എറണാകുളം ലിസി ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയാക് ഐസിയുവിൽ നഴ്സാണു റീത്ത. നാഗർകോവിലിൽനിന്ന് ഒരു ദിവസം മാത്രം പ്രായമുള്ള പെൺകുഞ്ഞിനെയാണ് ചികിത്സയ്ക്കായി കൊണ്ടുവന്നത്. കുഞ്ഞിനു വേണ്ടി റീത്ത ആശുപത്രിയിൽ തന്നെ താമസിച്ചു. തമിഴ്നാട്ടിൽനിന്ന് അമ്മയെ കൊച്ചിയിലേക്കു കൊണ്ടുവന്നു കുഞ്ഞിനെ കൈമാറുന്നതു സുരക്ഷിതമല്ലെന്നു കണ്ട് സംസ്ഥാന അതിർത്തിയിൽ എത്തിച്ചുകൊടുക്കാൻ തീരുമാനിച്ചു. കുഞ്ഞിനൊപ്പം ആരു പോകുമെന്ന ചോദ്യമുയരും മുമ്പേ റീത്ത സന്നദ്ധതയറിയിച്ചു.

ദൈവത്തിന്റെ സമ്മാനം എന്നർഥമുള്ള ഫസ്രിൻ ഫാത്തിമ എന്നു പേരിട്ട കുഞ്ഞുമായി ഏപ്രിൽ 29നു രാവിലെ 9.30ന് ലിസിയിൽനിന്നു കേരള-തമിഴ്നാട് അതിർത്തിയായ കളിയിക്കാവിളയിലേക്ക്. റീത്തയ്ക്കെന്നപോലെ ആശുപത്രിക്കും ഇത് അഭിമാനകരമാണെന്നു ലിസിയിലെ നഴ്സിംഗ് അഡ്മിനിസ്ട്രേറ്റർ സിസ്റ്റർ ആൻസലം പറഞ്ഞു. നഴ്സാവണമെന്നു കുഞ്ഞുനാൾ മുതൽ മോഹിച്ച റീത്തയെ, ക്ലീനിഗ് ജോലി ചെയ്യുന്ന അമ്മ ജോഫി ഏറെ ബുദ്ധിമുട്ടിയാണു പഠിപ്പിച്ചത്. പിതാവ് ജോൺ നേരത്തെ മരിച്ചു. സഹോദരി ലിയ ബിരുദ വിദ്യാർഥിനിയാണ്.



എറണാകുളം ലിസി ആശുപത്രിയിൽ പീഡിയാട്രിക് കാർഡിയാക് ഐസിയുവിൽ നഴ്സ് റീത്ത ഗീതു. -അഖിൽ പുരുഷോത്തമൻ



റീത്ത ഗീതു



# Happy Doctors Day 2020

*സൗഖ്യം, സമാശ്വാസം, സാന്ത്വനം, ജീവൻ എന്നീ ഈശ്വരീയമായ ദാനങ്ങൾ പകരുന്ന എല്ലാ പ്രിയപ്പെട്ട ഡോക്ടർമാർക്കും ലിസി കുടുംബത്തിന്റെ ഹൃദയംഗമമായ ഡോക്ടേഴ്സ് ദിനാശംസകൾ.*





## ലിസി കുടുംബത്തിന്റെ പ്രിയപ്പെട്ട പോളച്ചന്മാർക്ക് സ്നേഹം നിറഞ്ഞ തിരുന്നാളാശംസകൾ (29 ജൂൺ 2020) നേർന്നപ്പോൾ








## ലിസിയുടെ ആദ്ധ്യാത്മിക പിതാക്കന്മാർക്ക്
## (Rev. Fr. Jose Thachil & Rev. Fr. Paul Chempothanayil)
## സ്നേഹനിർഭരമായ യാത്രാമംഗളങ്ങൾ
## (8 ജൂലൈ 2020)






# കാതങ്ങൾക്കപ്പുറം പ്രതീക്ഷയോടെ കുടുംബം കാത്തിരിക്കുന്നു




ഈ കഥയിൽ കണ്ണുനീരും സന്തോഷവുമുണ്ട്; പ്രതീക്ഷയും വിശ്വാസവുമുണ്ട്; നിശ്ചയമായും കാത്തിരിപ്പുമുണ്ട്. കൃത്യമായി പറഞ്ഞാൽ പതിനായിരം കിലോമീറ്റർ ദൈർഘ്യമുള്ള കാത്തിരിപ്പ്! കൊച്ചിയിലെ ആശുപത്രി മുറിയിലും ലൈബീരിയയിലെ ഭവനത്തിലുമായി വിഭജിക്കപ്പെട്ട ഈ കുടുംബം ഹർഷമുണർത്തുന്ന കൂടിച്ചേരലിനായി മടുക്കാതെ കാത്തിരിക്കുകയാണ്.

പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ ലൈബീരിയയിൽ നിന്ന് രണ്ടര വയസ്സുള്ള മകൻ ജിൻ പേയുമായി ജെന്നെ ഇന്ത്യയിലെത്തിയത് മാർച്ച് രണ്ടിനാണ്. ജിന്നിന്റെ കുഞ്ഞു ഹൃദയത്തിന് ചികിത്സ തേടിയായിരുന്നു അനേകായിരം കാതങ്ങൾ താണ്ടിയുള്ള യാത്ര. പീറ്റർ, ജെന്നെ ദമ്പതികളുടെ രണ്ടാമത്തെ മകനായ ജിൻ, ജനിച്ച് ഏതാനും നാളുകൾക്കകം തന്നെ ഹൃദയത്തിന് തകരാറുണ്ടെന്ന് കണ്ടെത്തിയിരുന്നു. ശരീരഭാരം ആനുപാതികമായി വർദ്ധിക്കാത്തതും കൂടെകൂടെയുള്ള ശ്വാസകോശസംബന്ധമായ അസുഖങ്ങളുമാണ് വിശദമായ പരിശോധനകളിലേക്ക് നയിച്ചത്. വൈകാതെ തന്നെ കുഞ്ഞിന് ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ വേണ്ടി വരുമെന്ന് പീറ്ററും ജെന്നെയും മനസ്സിലാക്കി. ആരോഗ്യമേഖലയിൽ ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും ശസ്ത്രക്രിയ ഉൾപ്പടെ കുട്ടികളുടെ ഹൃദ്രോഗ ചികിത്സാസൗകര്യങ്ങളുള്ള കേന്ദ്രങ്ങൾ ലൈബീരിയയിൽ ഇല്ല. തലസ്ഥാനമായ മൺറോവിയയിലെ ജെ എഫ് കെ മെഡിക്കൽ സെന്ററിലെ സീനിയർ പീഡിയാട്രിഷ്യനായ ഡോ. സിയ കമനോറാണ് ചികിത്സയ്ക്കായി ലിസി ആശുപത്രിയിലെ കുട്ടികളുടെ ഹൃദ്രോഗവിഭാഗം നിർദേശിച്ചത്. ലൈബീരിയയിലെ പാവപ്പെട്ട കുട്ടികൾക്ക് വിദഗ്ദ്ധ ചികിത്സ ലഭ്യമാക്കുതിൽ പ്രശംസനീയമായ ശ്രമങ്ങൾ നടത്തിയിട്ടുള്ള ഡോ. സിയ മുൻപും ധാരാളം കുട്ടികൾക്ക് ലിസി ആശുപത്രിയിലെ കുട്ടികളുടെ ഹൃദ്രോഗവിഭാഗത്തിന്റെ സഹകരണത്തോടെ





പിന്നീട് പീറ്ററിനും ജെന്നെയ്ക്കും കഠിനാധ്വാനത്തിന്റെയും ത്യാഗത്തിന്റെയും നാളുകളായിരുന്നു. ഓവർടൈം ജോലി ചെയ്തും കുടുംബവീട് പണയപ്പെടുത്തിയും മറ്റു വിനോദോപാധികൾ വേണ്ടെന്ന് വച്ചുമൊക്കെയാണ് യാത്രയ്ക്കും ചികിത്സയ്ക്കുമുള്ള പണം കണ്ടെത്തിയത്. ഒരു മാസം നീളുന്ന വിരഹത്തിന് ശേഷം എല്ലാം കൂടുതൽ ശുഭകരവും സന്തോഷകരവുമായി പര്യവസാനിക്കുമെന്ന പ്രതീക്ഷയിലാണ് പുറപ്പെട്ടത്. പക്ഷേ കൊവിഡ് എല്ലാ കണക്കുകൂട്ടലുകളും തകർത്തു. മാർച്ച് ആറിന് ലിസി ആശുപത്രിയിലെ കുട്ടികളുടെ ഹൃദ്രോഗവിഭാഗത്തിൽ പ്രവേശിപ്പിച്ച ജിന്നിന് 12 നാണ് ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ നടത്തിയത്. അയോട്ടാ പൾമണറി വിൻഡോയിൽ ഉണ്ടായിരുന്ന സുഷിരം ശസ്ത്രക്രിയയിലൂടെ അടയ്ക്കുകയായിരുന്നു. ശസ്ത്രക്രിയയെ തുടർന്ന് വളരെ വേഗം ആരോഗ്യനിലയിൽ പുരോഗതി കണ്ടതോടെ വലിയ ആഹ്ളാദത്തിലായിരുന്നു ജെന്നെയും ലൈബീരിയയിലുള്ള കുടുംബവും. തുടർപരിശോധനകൾ പൂർത്തിയാക്കി ഏപ്രിൽ രണ്ടിന് മടങ്ങാനിരിക്കെയാണ് മഹാമാരിമൂലം കാര്യങ്ങളൊക്കെ കീഴ്മേൽ മറിഞ്ഞത്. ചികിത്സയ്ക്കും ഒരു മാസത്തെ ചെലവുകൾക്കുമായി ജെന്നെ കരുതിയതൊക്കെ ഇതിനോടകം തീർന്നു കഴിഞ്ഞു. ലിസി ആശുപത്രി അധികൃതരുടെ കരുതലിൽ, ആശുപത്രിയിൽ തന്നെയാണ് ഇപ്പോൾ അമ്മയുടെയും കുഞ്ഞിന്റെയും താമസവും ഭക്ഷണവും. ഇടയ്ക്ക് ലൈബീരിയൻ എംബസിയും മറ്റും ചെറിയ സഹായങ്ങൾ നൽകിയിരുന്നു. യാതനകളുടെയും കണ്ണീരിന്റെയും കഥകൾ വിരചിക്കുന്ന മഹാമാരിയുടെ കാലം കാരുണ്യത്തിന്റെയും കരുതലിന്റെയും അനേകം കഥകൾ പിറക്കുന്നതിനും സാക്ഷിയായല്ലോ.

ആ പ്രതീക്ഷയിലാണ് നിരാശരാകാതെ ജെന്നെയും കുഞ്ഞും കൊച്ചിയിലും പീറ്ററും മൂത്ത മകനും ലൈബീരിയയിലും കാത്തിരിക്കുന്നത്.



## ജിൻ പേ, നീ സുഖമായിരിക്കുക; ഒപ്പമുണ്ട് കേരളം

സിജോ പൈനാടത്ത്

**കൊച്ചി:** ഹൃദയ ചികിത്സയ്ക്കു ശേഷം ലോക്ക് ഡൗണിൽ കുടുങ്ങി നാട്ടിലേക്കു മടങ്ങാൻ സാധിക്കാതിരുന്ന ആഫ്രിക്കയിൽനിന്നുള്ള രണ്ടര വയസുകാരനും അമ്മയ്ക്കും കരുതലും കാവലുമേകി കേരളം.

പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ ലൈബീരിയയിൽനിന്നുള്ള കുഞ്ഞിനു വിദഗ്ധ ചികിത്സയും അനന്തരം അമ്മയ്ക്കൊപ്പം സൗകര്യപ്രദമായ താമസസൗകര്യവുമൊരുക്കിയത് എറണാകുളത്തെ ലിസി ആശുപത്രി.

മാർച്ച് രണ്ടിനാണു മകൻ ജിൻ പേയുമായി അമ്മ ജെന്നെ പീറ്റർ കേരളത്തിലെത്തിയത്. ആറിനു ലിസി ആശുപത്രിയിലെ കുട്ടികളുടെ ഹൃദ്രോഗവിഭാഗത്തിൽ പ്രവേശിപ്പിച്ചു. 12നു ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ വിജയകരമായി നടത്തി.

തുടർപരിശോധനകൾ പൂർത്തിയാക്കി ഏപ്രിൽ രണ്ടിനു മടങ്ങാനിരിക്കെ കോവിഡിൽ യാത്ര മുടങ്ങി. കരുതിയിരുന്ന പണം ചികിത്സയ്ക്കും ഒരു മാസത്തെ ചെലവിനുമാണ് ഉണ്ടായിരുന്നത്. ലോക്ക്ഡൗണിൽ കുടുങ്ങിയതോടെ ഇനിയെന്ത് എന്ന ആശങ്കയ്ക്ക് ലിസി ആശുപത്രിതന്നെ പരിഹാരം കണ്ടു. താമസവും ഭക്ഷണവുമെല്ലാം സൗജന്യമായി ആശുപത്രി ഒരുക്കി. മടങ്ങുന്നതു വരെ ആവശ്യമായ ചികിത്സയും പരിചരണവും നല്കും.

ലൈബീരിയയിൽനിന്നുള്ള രണ്ടര വയസുകാരൻ ജിൻ പേ അമ്മ ജെന്നെയ്ക്കൊപ്പം.

ലൈബീരിയയുടെ സ്ഥാനമായ മൺറോവി... ലെ ജെഎഫ്കെ മെഡി... സെന്ററിലെ മുതിർന്ന ... രോഗവിദഗ്ധൻ ഡോ. ... കമനോറിന്റെ നിർദേശ... രമാണു കുഞ്ഞിനെ ലിസ... ശുപത്രിയിലെത്തിച്ചത്. ... കളുടെ സങ്കീർണമായ ... ദ്രോഗ ചികിത്സയ്ക്കു ... ര്യങ്ങളുള്ള ആശുപത്രി ലൈബീരിയയിൽ ഇല്ല.

ഓഡിറ്റിംഗ് ജോലി ... ന്ന ജിൻ പേയുടെ പിതാ... റ്റർ അധികസമയം പണി... ത്തും വീട് പണയപ്പെടുത്ത... മാണു മകന്റെ ചികിത്സയ്... യാത്രയ്ക്കും മറ്റുമുള്ള ... കണ്ടെത്തിയത്. ഭാര്യ ജെ... ഉപരിപഠനം നടത്തുകയ... സുഖം പ്രാപിച്ച മകനെ... ലോക്ക്ഡൗൺ പ്രതിസന്... ൾ നീങ്ങി സ്വസ്ഥമായി ... ബീരിയയിലേക്കു മടങ്ങ... ന്ന പ്രത്യാശയിലാണു ... ന്നെ.



ഒന്നാം സമ്മാനമായി അഞ്ച് ലിറ്ററിന്റെ ലിസ്റബ്ബ് കാൻ ഫാ പോൾ കരേടൻ (ഡയറക്ടർ) Sr രഞ്ജിതയ്ക്ക് കൈമാറിയപ്പോൾ.

**Second Prize**



Sandra Siby
GNM Student

**Third Prize**



Mariya Gilda
LCON Student

മറ്റു വിജയികൾക്ക് ലിസ്റബ്ബിന്റെ 500 ML ബോട്ടിലാണ് (2 nos) സമ്മാനമായി നൽകിയത്.
രണ്ടും മൂന്നും സ്ഥാനം ലഭിച്ചവരുടെ ഉപന്യാസങ്ങൾ വരും ലക്കങ്ങളിൽ പ്രസിദ്ധീകരിക്കുന്നതാണ്.

## ചെറുകഥാ രചനാ മത്സരം

വിഷയം: അതിജീവനം

**നിബന്ധനകൾ**

1. ലിസിയിൽ ജോലി ചെയ്യുന്ന ആർക്കും മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്.
2. A4 പേപ്പറിൽ രണ്ട് പേജിൽ കുറയാത്തതും മൂന്ന് പേജിൽ കൂടാത്തതുമായ, സ്വന്തം കൈപ്പടയിൽ എഴുതിയ രചനകൾ ഓഗസ്റ്റ് 31 ന് വൈകുന്നേരം 5 മണി വരെ സ്വീകരിക്കുന്നതാണ്. രചനകൾ St Antony's ബ്ലോക്കിലേക്ക് പ്രവേശിക്കുന്ന വാതിലിന് സമീപത്തുള്ള ലിസി മീഡിയ സെന്ററിൽ ഏൽപ്പിക്കുക.



A token of love gifted to LIRRIS (radiology) department for completing 68 CT's in a single day (16 June 2020)



A token of love for EMOs, Jr Doctors, Consultants and Nursing staff who made the dream of go paperless true on 25 May 2020. On this day, no paper was used in Lisie Emergency Department, as going paperless during Covid times is a way forward not to spread virus.

*കോവിഡ് 19 മനുഷ്യജീവിതത്തെ മാറ്റിമറിച്ചു. നമ്മുടെ ജീവിതം ഇനി മുൻപത്തേതുപോലെ ആയിരിക്കുകയില്ല. രോഗമുള്ള കാലത്തിൽ മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ വരാവുന്ന നിർണ്ണായകമായ മാറ്റങ്ങൾ*





കോവിഡ് 19 മനുഷ്യജീവിതത്തെ മാറ്റിമറിച്ചു. നമ്മുടെ ജീവിതം ഇനി മുൻപത്തേതുപോലെ ആയിരിക്കുകയില്ല. രോഗമുള്ള കാലത്തിൽ മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ വരാവുന്ന നിർണ്ണായകമായ മാറ്റങ്ങൾ. മനുഷ്യന്റെ ജീവിതം അനുനിമിഷം പുതുതായി സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാടു വെട്ടി കാട്ടിലെ നദിക്കരയിൽ തങ്ങളുടെ സംസകാരങ്ങൾ പടുത്തുയർത്തി, കാടുമായി ഇഴുകിച്ചേർന്ന് ജീവിച്ച അവൻ ഇന്ന് സംസ്കാരസമ്പന്നനായി മാറിക്കൊണ്ടിരിക്കുന്നു. കാലുകൾക്ക് ചക്രവും കൈകൾക്ക് ചിറകും വച്ച് അവൻ ഉന്നതങ്ങളിലേക്ക് കുതിക്കുകയാണ് ശാസ്ത്രവും സാങ്കേതിക വിദ്യയും വെച്ചുനീട്ടിയ പറുദീസ എത്തിപ്പിടിക്കാൻ നാം ഓടുമ്പോഴും അമ്പരപ്പിക്കുന്ന ശാസ്ത്രനേട്ടങ്ങൾ കൈവരിച്ചുവെന്ന് അല്പം ഗർവോടെ അഭിമാനിക്കുന്ന നമ്മെ കൊറോണ എന്ന വൈറസ് നിസ്സഹായരാക്കി മാറ്റിയിരിക്കുന്നു. വികസിത രാഷ്ട്രങ്ങൾപ്പോലും ഒന്നും ചെയ്യാനാവാതെ വിറങ്ങലിച്ചു നിന്നപ്പോൾ, ശക്തരും കരുത്തരും രോഗികളായപ്പോൾ, മരിച്ചപ്പോൾ നമ്മൾ എത്രെയോ നിസ്സഹായരാണെന്ന് നാം തിരിച്ചറിഞ്ഞു. മനുഷ്യന്റെ എഴുതപ്പെട്ടതോ, അല്ലാത്തതോ ആയ ചരിത്രത്തിൽ സംഭവിച്ചിട്ടില്ലാത്ത വിധം ഒരു വൻകരയിൽ നിന്നും അടുത്ത വൻകരയിലേക്ക് ഒരു വൈറസ് പടർന്ന് ലോകത്തെയാകെ പ്രതിസന്ധിയിലേക്ക് തള്ളി വിട്ട ഒരു ഭീകരത കൂടി നാം ഒക്കെ സാക്ഷ്യം വഹിച്ചിരിക്കുകയാണ്.

മനുഷ്യൻ അനുഭവിച്ചുകൊണ്ടിരുന്ന പല ദുരിതങ്ങൾക്കും പരിഹാരമുണ്ടാക്കാൻ അതാത് കാലങ്ങളിൽ ശാസ്ത്രജ്ഞന്മാർ പരിശ്രമിച്ചതിന്റെ മരുന്നുകൾ, വാക്സിനേഷൻ, ചികിത്സാ സൗകര്യങ്ങൾ ഇവയൊക്കെ. എന്നാൽ അതുകൊണ്ടൊന്നും നാം സുരക്ഷിതരല്ല എന്ന പാഠം കോവിഡ് 19 ജനലക്ഷങ്ങളിലേക്ക് പടർന്നപ്പോൾ നാം പഠിച്ചു. ശാസ്ത്രം എത്ര പുരോഗമിച്ചാലും വേണ്ടവിധം ജീവിക്കാൻ മനുഷ്യൻ തന്റെ സർഗ്ഗാത്മ വാസനകളെപ്പോലും ക്രിയാത്മക ശൈലികളെയും രൂപീകരിച്ചെടുത്തു എന്നത് ഈ കാലഘട്ടം സമ്മാനിച്ച അത്ഭുതാവഹമായ നന്മയാണ്. മനുഷ്യന് അവനെക്കുറിച്ച് പോലും ചിന്തിക്കാൻ സമയമില്ല, വ്യഗ്രതകലാണ്. ഇവയെല്ലാം വെടിഞ്ഞു അവനവനിലേക്ക് തിരിഞ്ഞു മനുഷ്യന് നഷ്ടപ്പെട്ടുപോയ നന്മകളെ തിരിച്ചുപിടിക്കാനുള്ള പുതിയ തിരിച്ചറിവുകളാണ് ഈ നാളുകൾ നൽകിയ ഏറ്റവും വലിയ ധനം.

ആശ്രയത്വത്തിന്റെ വലിയ സാഹചര്യങ്ങളിൽ നിന്നും സ്വയം പര്യാപ്തതയിലേക്ക് വളരാനും, നമ്മെ സംബന്ധിക്കുന്ന പല കാര്യങ്ങളും നമുക്ക് തന്നെ ചെയ്യാനാവും എന്നുള്ള വലിയ തിരിച്ചറിവ് നാം നേടിക്കഴിഞ്ഞു.പ്രധാനപ്പെത്താതെന്ന് കരുതിയത് പലതും അത്രമേൽ ആവശ്യമായിരുന്നില്ലെന്നും ആർഭാടത്തിനായി നടത്തിയ ആഘോഷങ്ങൾ നഷ്ടം സമ്മാനിച്ചെന്നും നമ്മൾ മനസ്സിലാക്കി. ഇത് ലാളിത്യത്തിന്റെ ഒരു പുതിയ ശൈലി ജീവിക്കാൻ നമ്മെ പ്രചോദിപ്പിക്കുന്നുണ്ട്.
ജീവിതം ഇത്ര വ്യഗ്രത നിറഞ്ഞ ഓട്ടത്തിനുള്ളതല്ല, പലതും നമുക്ക് ഒഴിവാക്കാവുന്നതേയുള്ളു എന്നും നമുക്ക് ബോദ്ധ്യപ്പെട്ടു.
മദ്യപാനവും, ധാരാളിത്വവും, ധൂർത്തും, ഹോട്ടൽ ഭക്ഷണവും, യാത്രകളും കുറഞ്ഞതോടെ നാം മെച്ചപ്പെട്ട മനുഷ്യരായി മാറിക്കകഴിഞ്ഞു കുടുംബങ്ങൾ സ്വർഗ്ഗതുല്യമായി, സാമ്പത്തിക ലാഭം വർദ്ധിച്ചു, ബന്ധങ്ങൾ മെച്ചപ്പെട്ടു. കൂടാതെ നമ്മൾ വിലകൊടുക്കാതെ പോയ പലതിനും മൂല്യം ഇരട്ടിച്ചു. അതുകൊണ്ട് വ്യക്തിബന്ധങ്ങളും, സാമൂഹിക മാനങ്ങളും മറ്റൊരു ദിശയിലേക്ക് തിരിച്ചു വളർത്താൻ മാനവരാശിയെ പ്രേരിപ്പിച്ചു. അതെ കോവിഡിന് ശേഷമുള്ള ലോകവും, രാജ്യങ്ങളും, സംസ്ഥാനങ്ങളും, കുടുംബങ്ങളും എന്തിന് വ്യക്തിജീവിതങ്ങൾ പോലും പഴയതുപോലാവില്ല എന്നത് ഉറപ്പാണ്. നവീകരിക്കപ്പെട്ട ജീവിത സാഹചര്യങ്ങളും, ചിന്താഗതികളും, ജീവിതചര്യകളും ഉരുത്തിരിയും.

ലോകത്തിന്റെ സാമൂഹിക ക്രമങ്ങളിൽ തന്നെ മാറ്റം വരും. സ്വതന്ത്രമായ സഞ്ചാരം, തൊഴിൽപരമായ കാര്യങ്ങൾ, പ്രവാസം, അന്തർദേശിയ തലങ്ങളിലെ ബന്ധങ്ങൾ, അന്താരാഷ്ട്ര ഇറക്കുമതി - കയറ്റുമതി ഇവയിലെല്ലാം വലിയ മാറ്റങ്ങളും നിയന്ത്രണവും ഉണ്ടാവും. പൊതു ഉടമസ്ഥത, സോഷ്യലിസ്റ്റ് സമ്പത്വ്യവസ്ഥ ഇവയൊക്കെ വരും നാളുകളിൽ സ്വീകാര്യമാകും. മനുഷ്യന്റെ വിരൽ തുമ്പിലേക്ക് ലോകം എത്തിച്ചേർന്നു. പണമിടപാടുകൾ, ആവശ്യസാധങ്ങൾ എന്തിന് വിദ്യാഭ്യാസ സമ്പ്രദായം പോലും അവനവന്റെ ചുറ്റുപാടുകളിൽ നിർത്താൻ തക്കവിധം ഇലക്ട്രോണിക് യുഗം വളരും ആധുനിക നവമാധ്യമങ്ങളുടെ നവീകരണം കൂടുതൽ ഉപയോഗയോഗ്യമാകും, വ്യക്തി ശുചിത്വം, സാമൂഹിക ശുചിത്വം ഇവയിലേക്ക് കൂടുതൽ ശ്രദ്ധ തിരിക്കുന്ന മാനവ സമൂഹം രോഗപ്രതിരോധനത്തിനാവശ്യമായവ നേടിയെടുക്കും. ഗവേഷണ രംഗങ്ങൾ കൂടുതൽ ഊർജ്ജിതമാകും.

ചുരുങ്ങിയ സാഹചര്യങ്ങളിൽ തങ്ങളുടെ ക്രിയാത്മകവും സർഗ്ഗാത്മകവുമായവ കണ്ടെത്തിയ മനുഷ്യർ തങ്ങളുടെ മട്ടുപ്പാവിലും ക്രിഷിയിടങ്ങളിലും ജൈവകൃഷിയും, കലാസാഹിത്യ അഭിരുചിയുള്ളവർ അങ്ങനെയുള്ള മേഖലകളിലും ശ്രദ്ധ തിരിച്ച് ഈ ലോകത്തെ നിറമുള്ളതാക്കും. എല്ലാ നഷ്ടങ്ങളെയും അതിജീവിക്കാൻ കരുത്തുള്ള ഒരു പുതുതലമുറ നമ്മുടെ ഇടയിൽ വളർന്ന് ശോഭിക്കും എന്നത് നിസ്തർക്കമായ സംഗതിയാണ്.

അതുപോലെ തന്നെ കോവിഡിന് ശേഷം ലോകത്തിന്റെ മുഴുവൻ സാമ്പത്തിക തൊഴിൽ മേഖലകളും കനത്ത പ്രതിസന്ധി നേരിടും. പതിനായിരക്കണക്കിന് കോടി രൂപ കാർഷിക മേഖലയിൽ തന്നെ നഷ്ടത്തിലാണ് എന്നത് നാം മനസ്സിലാക്കി കഴിഞ്ഞു. ലോക സാമ്പത്തിക വർഷം പത്തുവർഷമെങ്കിലും പുറകോട്ട് പോകും എന്ന് വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നുണ്ട്.

കാർഷിക മേഖല പ്രതിസന്ധികളെ നേരിടുമ്പോൾ ഭക്ഷ്യ സുരക്ഷയുടെ ഉറപ്പ് കുറയും, ടൂറിസം മേഖല കനത്ത തിരിച്ചടി നേരിടും പെട്രോളിയം ഉൽപ്പന്നങ്ങളുടെ ഉപയോഗം കുറയുമ്പോൾ ഗൾഫ് മേഖലയിലെ ജീവിതം താറുമാറാകും, സാമൂഹ്യ ജീവിയായ മനുഷ്യൻ അവനവനിലേക്ക് ചുരുങ്ങാനും മതപരമായ ചടങ്ങുകൾ നമ്മുടെ നല്ല പാരമ്പര്യങ്ങൾ ഇവ ആവശ്യമോ എന്ന യുവതലമുറയുടെ അലസ ചിന്താഗതി വർദ്ധിക്കാനും സാദ്ധ്യതകൾ ദൂരെയല്ല. ഗുരുമുഖത്ത് നിന്ന് സമ്പാദിക്കുന്ന നല്ല ശീലങ്ങൾ, മൂല്യങ്ങൾ ബന്ധങ്ങളിൽ നിന്ന് സ്വീകരിക്കുന്ന ഊഷ്മളത ഇവയൊക്കെ നവീകരിക്കപ്പെട്ട ഒരു ലോകത്ത് കുറയാൻ സാധ്യത ഏറെയാണ്. അതുകൊണ്ട് തുടർന്നുള്ള ആവശ്യങ്ങളെ മനസ്സിലാക്കി ദീർഘകാല പദ്ധതികളെ വിഭാവനം ചെയ്ത് നമ്മുടെ കുടുംബത്തിന്റെയും രാഷ്ട്രത്തിന്റെയും ലോകത്തിന്റെ തന്നെയും സുരക്ഷ ഉറപ്പാകാം. മനുഷ്യ സഹജമായ ധാരാളിത്തം, ആർഭാടം, അന്ധവിശ്വാസം, പ്രകൃതി ചൂഷണം ഇവയൊക്കെ ആട്ടിയകറ്റാം.

ഉളിമുനകൾ ഉമ്മവെയ്ക്കാത്ത ഒരു കൊത്തുപണിയും കാലത്തെ അതിജീവിച്ചിട്ടില്ല, ഉണങ്ങിവരണ്ട ഒരു വേനലിനപ്പുറമൊരു പച്ചപ്പുണ്ട് എന്നതും നമുക്ക് ഉറപ്പാണ്. അതുകൊണ്ട് ചരിത്രം ഇനിയും അവർത്തിച്ചുകൂടെന്നില്ല. ഊർജസ്വലതയോടെ, കരുത്തോടെ, ജാഗ്രതയോടെ നമുക്ക് ആയിരിക്കാം. ചരിത്രം നേരിടുന്ന ദുരന്തങ്ങളുടെ മുന്നിൽ പകച്ചുനിൽക്കുന്ന ലോകത്തെ നോക്കുമ്പോഴും കുഞ്ഞുണ്ണി മാഷ് ചേർത്ത് വെയ്ക്കുന്ന പോലെ ഒന്ന് മാത്രം ഓർക്കുക:

**'വലിയൊരീ ലോകം മുഴുവൻ നന്നാക്കുവാൻ**
**ചെറിയൊരു സൂത്രം ചെവിയിലോതാം ഞാൻ**
**സ്വയം നന്നാവുക'**

**Sr Renjitha**
**Asst Professor**
**Lisie College of Nursing**

## Health Awareness Days

### July

01 Doctor's Day
11 World Population Day
28 World Hepatitis Day

### August

01-07 World Breastfeeding Week
12 International Youth Day

### September

03 International Day of Peace
04-11 World Pharmacy Week
08 International Literacy Day
10 World Suicide Prevention Day
12 World First Aid Day
16 World Ozone Day
21 World Alzheimer's Day
28 World Rabies Day
29 World Heart Day

8 പിൻപുറം EKM

# ലാലിയുടെ ഹൃദയം ലീനയിൽ മിടിക്കുന്നു; നന്ദിയറിച്ച് കുടുംബവും ആശുപത്രിയും

കൊച്ചി: ലാലി ടീച്ചറിന്റെ ഹൃദയത്തിന്റെ മിടിപ്പ് ഏറ്റുവാങ്ങി ലീന പുതുജീവിതത്തിലേക്ക്. മസ്തിഷ്കമരണം സംഭവിച്ച ലാലിയുടെ ഹൃദയം കോതമംഗലം സ്വദേശി ലീനയിൽ പ്രവർത്തനനിരതമായി.

കൊച്ചി ലിസി ആശുപത്രിയിൽ നടന്ന ശസ്ത്രക്രിയ അഞ്ചു മണിക്കൂർ നീണ്ടു. ലാലി ടീച്ചറിൽനിന്ന് എടുത്ത ഹൃദയം മൂന്നു മണിക്കൂർ 52 മിനിറ്റിനുള്ളിൽ ലീനയിൽ പ്രവർത്തനനിരതമായതായി ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഡോ. ജോസ് ചാക്കോ പെരിയപ്പുറം പറഞ്ഞു.

രാവിലെ നടത്തിയ ആരോഗ്യ പരിശോധനയ്ക്ക് ശേഷമാണ് ഡോ. ജോസ് ചാക്കോ ലീനയുടെ ആരോഗ്യ വിവരം വിശദീകരിച്ചത്. ലീന വെന്റിലേറ്ററിൽ തുടരുകയാണെന്നും നാളെ വെന്റിലേറ്ററിൽനിന്ന് മാറ്റാൻ കഴിയുമെന്നാണ് പ്രതീക്ഷയെന്നും കാർഡിയോളജി വിഭാഗം മേധാവി ഡോ. റോണി മാത്യു കടവിൽ പറഞ്ഞു.



● ശസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകിയ ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ലിസി ഹോസ്പിറ്റൽ ഡയറക്ടർ ഫാ. പോൾ കരേടൻ, കാർഡിയോളജി വിഭാഗം മേധാവി ഡോ. റോണി മാത്യു കടവിൽ, അസി. ഡയറക്ടർമാരായ ഫാ. ജെറി ഞാളിയത്ത്, ഫാ. ഷനു മൂഞ്ഞേലി, കാർഡിയാക് അനസ്തീഷ്യ വിഭാഗം മേധാവി ഡോ. ജേക്കബ് എബ്രഹാം, കാർഡിയോളജിസ്റ്റ് ഡോ. ജോ ജോസഫ്, ലീനയുടെ ഭർത്താവ് ഷിബു, മകൻ ജസ്റ്റിൻ, ആശുപത്രി കമ്യൂണിക്കേഷൻ മാനേജർ രാജേഷ് എന്നിവർ സംഭാഷണത്തിൽ.

ലീനയുടെ ജീവൻ നിലനിർത്താനുള്ള ശ്രമത്തിനു കൈത്താങ്ങായ മുഖ്യമന്ത്രി പിണറായി വിജയൻ, മന്ത്രി കെ.കെ ശൈലജ, ഹൈബി ഈഡൻ എം.പി, ടി.ജെ വിനോദ് എംഎൽഎ, മുൻ എം.പി. പി. രാജീവ്, അസി. കമ്മീഷണർ കെ. ലാൽജി എന്നിവർക്ക് ആശുപത്രി ഡയറക്ടർ ഫാദർ പോൾ കരേടൻ നന്ദി അറിയിച്ചു.

ലീനയുടെ ചികിത്സയ്ക്ക് സഹായിച്ച എല്ലാവരോടും മുഖ്യമന്ത്രിയോടും നന്ദിയുണ്ടെന്നു ലീനയുടെ ഭർത്താവ് ഷിബു പറഞ്ഞു.

ഇവർക്കൊപ്പം അസി. ഡയറക്ടർമാരായ ഫാ. ജെറി ഞാളിയത്ത്, ഫാ. ഷനു മൂഞ്ഞേലി, കാർഡിയാക് അനസ്തീഷ്യ വിഭാഗം മേധാവി ഡോ. ജേക്കബ് എബ്രഹാം, കാർഡിയോളജിസ്റ്റ് ഡോക്ടർ ജോ ജോസഫ്, ലീനയുടെ മകൻ ജസ്റ്റിൻ എന്നിവരും സന്നിഹിതരായിരുന്നു. ഡോ: ജോസ് ചാക്കോ പെരിയപ്പുറത്തിന്റെ നേതൃത്വത്തിൽ ലിസി ആശുപത്രിയിൽ നടന്ന ഇരുപത്തിനാലാമത്തെ ഹൃദയം മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയായിരുന്നു ഇത്.

# പുതുഹൃദയവുമായി ലീന ആശുപത്രി വിട്ടു; അവയവദാനത്തിനു സന്നദ്ധരായി മക്കൾ

**സ്വന്തം ലേഖകൻ**

**കൊച്ചി:** അവയവദാനത്തിന്റെ നന്മയിൽ പുതുജീവൻ സ്വന്തമാക്കിയ അമ്മയെ സാക്ഷിയാക്കി മക്കൾ തങ്ങളുടെ അവയവങ്ങൾ ദാനംചെയ്യാൻ സന്നദ്ധതയറിയിച്ചു. ലിസി ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുശേഷം സുഖംപ്രാപിച്ച കോതമംഗലം സ്വദേശിനി ലീനയുടെ മക്കളായ ഷിയോണയും ബേസിലുമാണ് അനേകർക്ക് മാതൃകയും പ്രചോദനവുമാകുന്ന തീരുമാനത്തിലൂടെ അവയവദാന ശൃംഖലയിൽ കണ്ണിചേർന്നത്.




എറണാകുളം ലിസി ആശുപത്രിയിൽ ഹൃദയം മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്കുശേഷം വീട്ടിലേക്കു മടങ്ങിയ കോതമംഗലം സ്വദേശിനി ലീനയുടെ മകൻ ബേസിലിന്, അവയവദാനത്തിനു സന്നദ്ധതയറിയിച്ചതിന്റെ ഡോണർ കാർഡ് ആർച്ച്ബിഷപ് മാർ ആന്റണി കരിയിലും കെഎൻഒഎസ് മധ്യമേഖല നോഡൽ ഓഫീസർ ഡോ. ഉഷ സാമുവലും ചേർന്നു കൈമാറുന്നു. ഡോ. ജോസ് ചാക്കോ പെരിയപ്പുറം, ഡോ. റോണി മാത്യു, ആശുപത്രി ഡയറക്ടർ റവ. ഡോ. പോൾ കരേടൻ, ഡോ. ജേക്കബ് ഏബ്രഹാം, അസിസ്റ്റന്റ് പോലീസ് കമ്മീഷണർ കെ. ലാൽജി എന്നിവർ സമീപം - ദീപിക

# ജിൻ പേ, നീ സുഖമായിരിക്കുക; ഒപ്പമുണ്ട് കേരളം

**സിജോ പൈനാടത്ത്**

**കൊച്ചി:** ഹൃദയ ചികിത്സയ്ക്കു ശേഷം ലോക്ക് ഡൗണിൽ കുടുങ്ങി നാട്ടിലേക്കു മടങ്ങാൻ സാധിക്കാതിരുന്ന ആഫ്രിക്കയിൽനിന്നുള്ള രണ്ടര വയസുകാരനും അമ്മയ്ക്കും കരുതലും കാവലുമേകി കേരളം.

പടിഞ്ഞാറൻ ആഫ്രിക്കൻ രാജ്യമായ ലൈബീരിയയിൽനിന്നുള്ള കുഞ്ഞിനു വിദഗ്ധ ചികിത്സയും അനന്തരം അമ്മയ്ക്കൊപ്പം സൗകര്യപ്രദമായ താമസസൗകര്യവുമൊരുക്കിയത് എറണാകുളത്തെ ലിസി ആശുപത്രി.

മാർച്ച് രണ്ടിനാണു മകൻ ജിൻ പേയുമായി അമ്മ ജെന്നെ പീറ്റർ കേരളത്തിലെത്തിയത്. ആറിനു ലിസി ആശുപത്രിയിലെ കുട്ടികളുടെ ഹൃദ്രോഗവിഭാഗത്തിൽ പ്രവേശിപ്പിച്ചു. 12നു ഹൃദയം തുറന്നുള്ള ശസ്ത്രക്രിയ വിജയകരമായി നടത്തി.



ലൈബീരിയയിൽനിന്നുള്ള രണ്ടര വയസുകാരൻ ജിൻ പേ അമ്മ ജെന്നെയ്ക്കൊപ്പം.

തുടർപരിശോധനകൾ പൂർത്തിയാക്കി ഏപ്രിൽ രണ്ടിനു മടങ്ങാനിരിക്കെ കോവിഡിൽ യാത്ര മുടങ്ങി. കരുതിയിരുന്ന പണം ചികിത്സയ്ക്കും ഒരു മാസത്തെ ചെലവിനുമാണ് ഉണ്ടായിരുന്നത്. ലോക്ക്ഡൗണിൽ കുടുങ്ങിയതോടെ ഇനിയെന്ത് എന്ന ആശങ്കയ്ക്ക് ലിസി ആശുപത്രിതന്നെ പരിഹാരം കണ്ടു. താമസവും ഭക്ഷണവുമെല്ലാം സൗജന്യമായി ആശുപത്രി ഒരുക്കി. മടങ്ങുന്നതുവരെ ആവശ്യമായ ചികിത്സയും പരിചരണവും നല്കും.

ലൈബീരിയയുടെ തലസ്ഥാനമായ മൺറോവിയയിലെ ജെഎഫ്കെ മെഡിക്കൽ സെന്ററിലെ മുതിർന്ന ശിശുരോഗവിദഗ്ധൻ ഡോ. സിയ കമനോറിന്റെ നിർദേശപ്രകാരമാണു കുഞ്ഞിനെ ലിസി ആശുപത്രിയിലെത്തിച്ചത്. കുട്ടികളുടെ സങ്കീർണമായ ഹൃദ്രോഗ ചികിത്സയ്ക്കു സൗകര്യങ്ങളുള്ള ആശുപത്രികൾ ലൈബീരിയയിൽ ഇല്ല.

ഓഡിറ്റിംഗ് ജോലി ചെയ്യുന്ന ജിൻ പേയുടെ പിതാവ് പീറ്റർ അധികസമയം പണിയെടുത്തും വീട് പണയപ്പെടുത്തിയുമാണു മകന്റെ ചികിത്സയ്ക്കും യാത്രയ്ക്കും മറ്റുമുള്ള പണം കണ്ടെത്തിയത്. ഭാര്യ ജെന്നെ ഉപരിപഠനം നടത്തുകയാണ്. സുഖം പ്രാപിച്ച മകനൊപ്പം ലോക്ക്ഡൗൺ പ്രതിസന്ധികൾ നീങ്ങി സ്വസ്ഥമായി ലൈബീരിയയിലേക്കു മടങ്ങാമെന്ന പ്രത്യാശയിലാണു ജെന്നെ.







# കൂടെയുണ്ടാകണം എന്നും അതിനാണീ പങ്കുവെപ്പ്

**ആൻസ് ട്രീസ ജോസഫ്**
**കൊച്ചി**

► ആരോഗ്യത്തിലും അനാരോഗ്യത്തിലും ഒരുമിച്ച് ജീവിക്കണം... ലിസി ആശുപത്രിയിലെ മുറിയിൽ പ്രാർത്ഥനയോടെ ഭർത്താവിനെ കാത്തിരിക്കുന്നതിനിടെയാണ് സന്ധ്യയുടെ ഈ വാക്കുകൾ. ആശുപത്രിയുടെ വരാന്തയിലൂടെയുള്ള നടത്തം കുറച്ച് ക്ഷീണിതയാക്കിയെങ്കിലും പ്രണയദിനത്തിൽ തന്നെ ഹരിമോനെ കാണാനാകുമെന്ന സന്തോഷത്തിലാണ് സന്ധ്യാദേവി. 18 വർഷത്തെ കുടുംബജീവിതത്തിനിടയ്ക്ക് ഇത്രയും ദിവസം പരസ്പരം കാണാതെയിരിക്കുന്നത് ആദ്യം.

'എനിക്കൊന്ന് കണ്ടാൽ മതി ഇപ്പോഴുള്ള ഈ ചെറിയ വേദനയൊക്കെ മാറിക്കിട്ടും. ചേട്ടനും ആശ്വാസം കിട്ടണമെങ്കിൽ എന്നെയൊന്ന് കണ്ടാൽ മതി'യെന്ന് വേദനയ്ക്കിടയിലും സന്ധ്യ ചിരിക്കുന്നു. കോട്ടയം കടുത്തുരുത്തി തെക്കേപ്പറമ്പിൽ ഹരിമോന് ഒരു വർഷമായി വൃക്കരോഗമാണ്. ഭാര്യ തന്നെ വൃക്ക പകുത്തു നൽകി. ശസ്ത്രക്രിയയ്ക്കു ശേഷമുള്ള നിരീക്ഷണത്തിലാണ് ഇരുവരും. സന്ധ്യാദേവിയെ മുറിയിലേക്ക് മാറ്റിയെങ്കിലും ഹരിമോൻ ഇപ്പോഴും തീവ്രപരിചരണ വിഭാഗത്തിൽ ചികിത്സയിലാണ്.

'ചെറിയ ടെൻഷനൊക്കെയുള്ളയാളാണ്, എന്നെക്കാൾ ധൈര്യവും കുറവാണ്. ഓപ്പറേഷൻ തിയേറ്ററിലേക്ക് കേറാൻ തന്നെ ചേട്ടന് പേടിയായിരുന്നു. അതുകൊണ്ട് മയക്കിക്കിടത്തി ഓപ്പറേഷൻ തിയേറ്ററിലേക്ക് കയറ്റാമോയെന്നും ഡോക്ടറോട് ചോദിച്ചിരുന്നു. ഇതിപ്പോൾ ശസ്ത്രക്രിയ കഴിഞ്ഞ് മൂന്നു ദിവസമായി. അദ്ദേഹം സുഖമായിട്ടിരിക്കുന്നുവെന്ന് അറിഞ്ഞു, പക്ഷേ, ഒന്ന് പെട്ടെന്ന് കാണണമെന്ന് മാത്രമാണിപ്പോൾ ആഗ്രഹം' സന്ധ്യാദേവി പറയുന്നു.


► സന്ധ്യാദേവിയും ഹരിമോനും ശസ്ത്രക്രിയയ്ക്ക് മുൻപുള്ള ചിത്രം

*ഒരുമിച്ച് ജീവിക്കണമെന്നതു മാത്രമായിരുന്നു പ്രാർത്ഥന. അതിനായി ഭർത്താവിന് വൃക്ക നൽകി ജീവിതത്തോട് ചേർത്തുപിടിച്ചു സന്ധ്യാദേവി..*

'ഞാൻ വൃക്ക നൽകാമെന്ന് പറഞ്ഞപ്പോൾ ചേട്ടൻ ആദ്യം സമ്മതിച്ചില്ല. മക്കളെ നോക്കാൻ നമ്മളിലൊരാളെങ്കിലും വേണ്ടേ എന്നായിരുന്നു ചോദ്യം. എന്നാൽ പിന്നീട് കുറെ പറഞ്ഞിട്ടാണ് ചേട്ടനൊന്ന് സമ്മതിച്ച് കിട്ടിയത്.

എല്ലാം പരസ്പരം പങ്കുവയ്ക്കുന്നതാണല്ലോ ജീവിതം തന്നെ. അതേപോലൊരു പങ്കുവയ്ക്കൽ മാത്രമല്ലേ ഇതും. രണ്ട് വൃക്കയും പോയിട്ടല്ലേ അറിയാൻ കഴിയൂ, അപ്പോൾ നന്നായി പ്രവർത്തിക്കുന്ന ഒരെണ്ണം മറ്റൊരാൾക്ക് നൽകിയാൽ എന്താ കുഴപ്പം'. അതിലൂടെ നമ്മൾക്കൊപ്പം അവർ ജീവിക്കുകയല്ലേ ചെയ്യുന്നതെന്ന് സന്ധ്യ ചോദിക്കുന്നു.

'ജൂൺ 15, ഒരിക്കലും മറക്കാൻ പറ്റാത്ത ദിവസമാണ്, ജീവിതത്തിൽ ഇത്രയും ടെൻഷനടിച്ച ദിവസവും വേറെയുണ്ടായിട്ടില്ല. ജോലിക്കിടയിൽ ചെറിയ അസ്വസ്ഥത അനുഭവപ്പെട്ടതിനെ തുടർന്നാണ് ആശുപത്രിയിലേക്ക് കൊണ്ടുവന്നത്.

ആദ്യം കാണിച്ച ആശുപത്രിയിലെ ഡോക്ടർമാർ കാൻസർ ആണോയെന്ന് പോലും സംശയിച്ചു.

പിന്നീട് ആഴ്ചയിൽ രണ്ടുദിവസം വീതമുള്ള ഡയാലിസിസുമായി മാസങ്ങൾ. ഇപ്പോൾ ശസ്ത്രക്രിയ കഴിഞ്ഞതോടെയാണ് ശരിക്കും ആശ്വാസമായതെന്ന് സന്ധ്യാദേവി പറഞ്ഞു.

ചേട്ടനെ നാളെ കാണാൻ കഴിയും. അതിന്റെ സന്തോഷം മാത്രമാണിപ്പോൾ...' വെള്ളിയാഴ്ച രാവിലെ 10 ആകാനുള്ള കാത്തിരിപ്പിലാണ് സന്ധ്യ.


ADMISSIONS 2020-21
LISIE COLLEGE OF PHARMACY
Since 1977
LISIE MEDICAL AND EDUCATIONAL INSTITUTIONS
(Approved by AICTE New Delhi and PCI New Delhi and Affiliated to KUHS Thrissur)
For Enquiries: +91 484-2808797, +91 9846168636
COURSES OFFERED
B.Pharm
Eligibility: Pass in Higher Secondary Examination, Kerala or examinations recognized as equivalent there to with 50 % marks in Physics, Chemistry and Biology / Mathematics.
Duration: 4 Years
Approved by AICTE New Delhi & PCI New Delhi
Affiliated to KUHS Thrissur
D.Pharm
Eligibility: Pass in Higher Secondary Examination, Kerala or examinations recognized as equivalent there to with Physics, Chemistry and Biology / Mathematics.
Duration: 2 Years
Approved by AICTE New Delhi & PCI New Delhi
Affiliated to Board of D.Pharm Examinations, DME, Govt of Kerala
EXCELLENT INFRASTRUCTURE
AFFORDABLE FEE STRUCTURE
QUALIFIED & EXPERIENCED FACULTY
VALUE BASED FORMATION
KNOWLEDGE
LEARNING
RESEARCH
OUR PARENT HOSPITAL
LISIE HOSPITAL ERNAKULAM
Vennala, Ernakulam, Kochi, Kerala - 682028.
Contact
Phone: +91 484-2808797 (Working Hours: 8.45 am to 4.45 pm)
Mobile Phone: +91 9846168636 (Working Hours: 8.45 am to 4.45 pm)
E-mail: admissions@lcop.edu.in
Website: www.lcop.edu.in


LISIE COLLEGE OF NURSING
LISIE MEDICAL AND EDUCATIONAL INSTITUTIONS
P. B. No. 3053, Kochi - 682018
ADMISSION 2020-21
Affiliated to KUHS - Recognized by KNMC & INC
B.Sc. Nursing
Academic Qualification: Candidates should have passed +2 class with 12 years of schoolship with 50% aggregate in Physics, Chemistry, Biology & English.
Age: Applicants should complete 17 years of age on or before 31st December 2020
Duration: 4 years
AFFORDABLE FEE STRUCTURE
QUALIFIED & EXPERIENCED FACULTY
VALUE BASED FORMATION
ADMISSION ONLY THROUGH
Association of the Managements of Christian Self Financing Nursing Colleges of Kerala (http://amcsfnck.com/)


LISIE SCHOOL OF NURSING
LISIE MEDICAL AND EDUCATIONAL INSTITUTIONS
ADMISSION 2020
P. B. No. 3053, Kochi - 682018, Ph: 0484 2755413 (working hours 9.00 am to 5.00 pm)
Fax: 0484 2403877, Mail: admissions@lcon.edu.in, Web: www.limen.in
Recognized by KNMC & INC
WELL EQUIPPED HOSPITAL FOR CLINICS (TRAINING)
GNM
Minimum Qualification: Candidates who are 17 to 35 years of age and have passed +2 / equivalent with any group as optional subjects with aggregate 40% marks.
Duration: 3 years
AFFORDABLE FEE STRUCTURE
QUALIFIED & EXPERIENCED FACULTY
VALUE BASED FORMATION
For Enquiries Contact
P. B. No. 3053, Kochi - 682018
Ph: 0484 2755413 (working hours 9.00 am to 5.00 pm)
Fax: 0484 2403877
Mail: admissions@lcon.edu.in
Web: www.limen.in
OUR PARENT HOSPITAL
LISIE HOSPITAL ERNAKULAM


LISIE COLLEGE OF ALLIED HEALTH SCIENCES
LISIE MEDICAL AND EDUCATIONAL INSTITUTIONS
OUR PARENT HOSPITAL
LISIE HOSPITAL ERNAKULAM
ADMISSION 2020-2021
For Enquiry
0484 2755049
+91 94951 12500
Contact Us @ 0484 2755049, +91 94951 12500
(Working Hours: 9.00 am - 5.00 pm)
ADVANCE YOUR CAREER WITH LISIE MEDICAL AND EDUCATIONAL INSTITUTIONS
750 bedded NABH certified hospital with all specialities & super specialities
Eligibility: +2 / VHSE - 50% Marks
Courses at Lisie College of Allied Health Sciences
BSc Medical Laboratory Technology (BSc MLT) - 4 yrs (KUHS)
Bachelor of Cardio Vascular Technology (BCVT) - 4 yrs (KUHS)
Diploma in Dialysis Technology - 2 yrs (DME)
Diploma in Anaesthesia and Critical Care Technology - 2 yrs (CMAI)
Value Based Formation & Affordable Fee Structure
Well experienced and highly qualified (PhD/MD/DNB) faculty
Training at our own Hospital Lisie Hospital, Ernakulam
35 Dialysis machines
Well equipped clinical laboratory with latest automated machines and special diagnostic procedures


LISIE COLLEGE OF ALLIED HEALTH SCIENCES
LISIE MEDICAL AND EDUCATIONAL INSTITUTIONS
P. B. No. 3053, Kochi - 682018
LISIE HOSPITAL
ADMISSION 2020-21
BSc MEDICAL LABORATORY TECHNOLOGY
4 yrs (KUHS)
For Enquiry 0484 2755049, +91 94951 12500
(Working Hours: 9.00 am - 5.00 pm)
www.limen.in | admissions@lcoahs.edu.in

# Welcome to Lisie Family



Dr Sunil G S
Sr Consultant
Paediatric Cardiology



Dr Murukan P
Consultant
Cardio Thoracic Surgery



Dr. Harish Srinivasan
Jr Consultant
Neurosurgery



Dr Adarsh M
Jr Consultant
Neurosurgery



Dr Dilip Kumar M P
Consultant Radiologist
Interventional Radiology



Dr Arun S Menon
Consultant
Endocrinology



Sr Sibia (Sheeja Antony)
Staff Nurse
Gastro Endoscopy



Sr Jeslin Jose SH
Staff Nurse
Uro Extn



Sr Jessy Joseph SH
Pharmacist



Sr Manju Jose (Alphons)
Staff Nurse
Emergency Department



Sr Sincy Poulose SJS
Staff Nurse
CCU

# Farewell greetings to our Beloved



Sr Gracelet CSN
Incharge
Microbiology



Sr Vinitha MSMI
Spiritual



Sr Mary Celin SVC
Physiotherapy

# വിവിധ ചികിത്സാ വിഭാഗങ്ങളും ഒ. പി. ദിവസങ്ങളും

**ജനറൽ മെഡിസിൻ**

1. ഡോ. ടി.കെ. ജോസഫ് (തിങ്കൾ - ശനി)
2. ഡോ. അഗസ്റ്റിൻ എ.കെ (തിങ്കൾ - ശനി)
3. ഡോ. ജോർജ്ജ് സേവ്യർ (തിങ്കൾ - ശനി)
4. ഡോ. അഭിലാഷ് ചാക്കോ (തിങ്കൾ - ശനി)
5. ഡോ. ബിജു ജേക്കബ് (തിങ്കൾ - ശനി)

**ഡയബറ്റോളജി വിഭാഗം (പ്രമേഹ രോഗ ചികിത്സാ വിഭാഗം)**

1. ഡോ. ജോർജ്ജ് പൗലോസ് (തിങ്കൾ - ശനി)
2. ഡോ. ബെറ്റ്സി ആനി കോശി (തിങ്കൾ - ശനി)

**പൾമനോളജി (ശ്വാസകോശ രോഗ വിഭാഗം)**

1. ഡോ. പരമേശ് എ. ആർ. (തിങ്കൾ - ശനി)
2. ഡോ. തോമസ് കുര്യൻ (തിങ്കൾ - ശനി)

**ജനറൽ സർജറി വിഭാഗം (ശസ്ത്രക്രിയ വിഭാഗം)**

1. ഡോ. ജോയ് മാമ്പിള്ളി (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. പൗലോസ് ജേക്കബ് (ചൊവ്വ, വ്യാഴം, ശനി)
3. ഡോ. സന്ദീപ് ജെ തണ്ടേൽ (തിങ്കൾ, ബുധൻ, വെള്ളി)

**ഡെർമ്മറ്റോളജി (ത്വക്ക് രോഗ വിഭാഗം)**

1. ഡോ. സോമൻ പീറ്റർ (തിങ്കൾ, ചൊവ്വ, വ്യാഴം, വെള്ളി, ശനി)

**ഓഫ്താൽമോളജി (നേത്ര രോഗ വിഭാഗം)**

1. ഡോ. ലതാ മാത്യു (തിങ്കൾ to വ്യാഴം & ശനി)

**ഇ.എൻ.ടി. (ചെവി, മൂക്ക്, തൊണ്ട വിഭാഗം)**

1. ഡോ. റീന വർഗ്ഗീസ് (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. ഫ്രാങ്കി ജോസ് (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ. ദിവ്യ മോഹൻ വി. (ചൊവ്വ, വ്യാഴം, ശനി)
4. ഡോ. ജോസഫ് മാത്യു (തിങ്കൾ, ബുധൻ, വെള്ളി)

**ഓർത്തോപീഡിക്സ് (അസ്ഥി രോഗ വിഭാഗം)**

1. ഡോ. കെ. രാജാറാം (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. സുരേഷ് പോൾ (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ എബി തോമസ് ബാബു (തിങ്കൾ, ബുധൻ, വെള്ളി)
4. ഡോ മോനിഷ് മോഹൻ (ചൊവ്വ, വ്യാഴം, ശനി)

**സൈക്യാട്രി (മാനസിക രോഗ വിഭാഗം)**

1. ഡോ. കുരുവിള തോമസ് (തിങ്കൾ - ശനി After 4 pm)

**ഗ്യാസ്ട്രോ എന്ററോളജി (ഉദര രോഗ വിഭാഗം)**

1. ഡോ. മാത്യു ഫിലിപ്പ് (തിങ്കൾ - വെള്ളി)
2. ഡോ. പ്രകാശ് സക്കറിയാസ് (തിങ്കൾ - ശനി)
3. ഡോ. ഷിബി മാത്യു (തിങ്കൾ - ശനി)
4. ഡോ. ജോൺ മാത്യൂസ് (തിങ്കൾ - ശനി)
5. ഡോ. ജോണി സിറിയക് (തിങ്കൾ - ശനി)
6. ഡോ. തോമസ് ജെയിംസ് (തിങ്കൾ - ശനി)

**ഇന്റർവെൻഷണൽ റേഡിയോളജി**

1. ഡോ. ലിജേഷ് കുമാർ (ബുധൻ, ശനി)
2. ഡോ. ദിലീപ് കുമാർ എം. പി. (തിങ്കൾ - ശനി)

**ഗ്യാസ്ട്രോ ഇന്റസ്റ്റിനൽ സർജറി വിഭാഗം**

1. ഡോ. ഷാജി പൊന്നമ്പത്തയിൽ (തിങ്കൾ - ശനി)
2. ഡോ. ബൈജു കുണ്ടിൽ (തിങ്കൾ - ശനി)
3. ഡോ. പ്രമിൽ. കെ (തിങ്കൾ - ശനി)

**നെഫ്രോളജി (വൃക്ക രോഗ വിഭാഗം)**

1. ഡോ. ബാബു ഫ്രാൻസിസ് (തിങ്കൾ - വെള്ളി)
2. ഡോ. ജോസ് പി. പോൾ (തിങ്കൾ - വെള്ളി)

**ന്യൂറോളജി (മസ്തിഷ്ക രോഗ വിഭാഗം)**

1. ഡോ. അരുൺ കുമാർ എം. എൽ. (തിങ്കൾ - ശനി)
2. ഡോ. ബി. ബിന്ദു (തിങ്കൾ - ശനി)
3. ഡോ. ജോൺ ജെ. വൈദ്യ (തിങ്കൾ - ശനി)
4. ഡോ. അനു ഗംഗാധരൻ (തിങ്കൾ - ശനി)

**ന്യൂറോ സർജറി (മസ്തിഷ്ക രോഗ വിഭാഗം)**

1. ഡോ. കോശി ജോർജ്ജ് (തിങ്കൾ, വ്യാഴം)
2. ഡോ. ബിജി ബാഹുലേയൻ (തിങ്കൾ, ബുധൻ)
3. ഡോ. ബി. ശ്യാം (ചൊവ്വ, വെള്ളി)
4. ഡോ. കൃഷ്ണദാസ് (ബുധൻ, ശനി)

**എന്റോക്രൈനോളജി**

1. ഡോ. അരുൺ എസ്. മേനോൻ (തിങ്കൾ - ശനി)

**ഫിസിക്കൽ മെഡിസിൻ & റിഹാബിലിറ്റേഷൻ**

1. ഡോ. സി. ഷിജി ഫ്രാൻസിസ് (സി. ക്രിസ്റ്റിന) (തിങ്കൾ - ശനി)

**ഡെന്റൽ വിഭാഗം (ദന്ത രോഗ വിഭാഗം)**

1. ഡോ. ബിജി രാജ് (തിങ്കൾ - ശനി)
2. ഡോ. രാജീവ് എസ് (തിങ്കൾ to വ്യാഴം, ശനി)
3. ഡോ. ടെറി തോമസ് (വെള്ളി)
4. ഡോ. റോസ് കുര്യൻ (തിങ്കൾ - ശനി)
5. ഡോ. ഹേമ ഗിൽബർട്ട് (തിങ്കൾ - ശനി)

**ഓങ്കോളജി വിഭാഗം**

1. ഡോ. ജയശങ്കർ പി. (തിങ്കൾ - ശനി)
2. ഡോ. ഷബ്ന അബ്ബാസ് (തിങ്കൾ - ശനി)

**ഹെഡ് & നെക്ക് സർജിക്കൽ ഓങ്കോളജി**

1. ഡോ. സന്ദീപ് സുരേഷ് (തിങ്കൾ, ബുധൻ, വെള്ളി)

**പീഡിയാട്രിക്സ് & നിയോനെറ്റോളജി വിഭാഗം (ശിശുരോഗ വിഭാഗം)**

1. ഡോ. ടോണി പോൾ മാമ്പിള്ളി (തിങ്കൾ - ശനി)
2. ഡോ. മാർഗരറ്റ് ജോസഫ് (തിങ്കൾ to ശനി am only)
3. ഡോ. ജെസി തോമസ് (തിങ്കൾ - ശനി)
4. ഡോ. ശശിധരൻ പി. യു. (തിങ്കൾ - ശനി)
5. ഡോ. ഹിമ മാത്യൂസ് പി. (തിങ്കൾ - ശനി)
6. ഡോ. വിവിൻ എബ്രഹാം (തിങ്കൾ - ശനി)

**ജീറിയാട്രിക് വിഭാഗം**

1. ഡോ. റോസക്കുട്ടി മാത്യു (തിങ്കൾ am - ശനി am)
2. ഡോ. സാറാമ്മ ഈശോ (തിങ്കൾ am - ശനി am)

**ഗൈനക്കോളജി വിഭാഗം**

1. ഡോ. എയ്മി ഡിസൂസ (ചൊവ്വ, വ്യാഴം, ശനി)
2. ഡോ. രമാദേവി (തിങ്കൾ, ബുധൻ, വെള്ളി)
3. ഡോ. Sr. റാണി പോൾ (തിങ്കൾ, ബുധൻ, വെള്ളി)
4. ഡോ. സിമി രാജ് ടി. ജെ. (ചൊവ്വ, വ്യാഴം, ശനി)
5. ഡോ. സുമി പി. തമ്പി (ചൊവ്വ, വ്യാഴം, ശനി)
6. ഡോ. വി. അനു തോമസ് (തിങ്കൾ, ബുധൻ, വെള്ളി)

**യൂറോളജി വിഭാഗം**

1. ഡോ. ദാമോദരൻ നമ്പ്യാർ (തിങ്കൾ pm, ബുധൻ, വെള്ളി)
2. ഡോ. വിജു ജോർജ്ജ് (ചൊവ്വ pm, വ്യാഴം, ശനി)
3. ഡോ. തോമസ് പുതുക്കാടൻ (ചൊവ്വ, വെള്ളി)
4. ഡോ. സനിൽ കുമാർ എൻ. കെ. (ബുധൻ, വ്യാഴം)

**കാർഡിയോളജി (ഹൃദ്രോഗ വിഭാഗം)** Booking No. 0484 2401821

1. ഡോ. റോണി മാത്യു കടവിൽ (തിങ്കൾ - വെള്ളി)
2. ഡോ. ജേക്കബ് ജോസഫ് (തിങ്കൾ - വെള്ളി)
3. ഡോ. ജാബിർ അബ്ദുള്ളക്കുട്ടി (തിങ്കൾ - വെള്ളി)
4. ഡോ. ജോ ജോസഫ് (തിങ്കൾ - വെള്ളി)
5. ഡോ. ജിമ്മി ജോർജ് (തിങ്കൾ - ശനി )
6. ഡോ. അജിത്ത് കുമാർ കെ. ആർ (തിങ്കൾ am, വ്യാഴം am)

**ഇലക്ട്രോ ഫിസിയോളജി**

1. ഡോ. അജിത് തച്ചിൽ (തിങ്കൾ - ശനി )

**കാർഡിയാക് സർജറി**

1. ഡോ. ജോസ് ചാക്കോ പെരിയപ്പുറം (ചൊവ്വ & വെള്ളി)
2. ഡോ. ഭാസ്കർ രംഗനാഥൻ (തിങ്കൾ - വെള്ളി)
3. ഡോ. മുരുകൻ പി. (തിങ്കൾ - വെള്ളി)
3. ഡോ. ജീവേഷ് ജോൺ തോമസ് (തിങ്കൾ - വെള്ളി)
4. ഡോ. സൈമൺ ഫിലിപ്പോസ് (തിങ്കൾ - വെള്ളി)

**പീഡിയാട്രിക് കാർഡിയോളജി**

1. ഡോ. എഡ്വിൻ ഫ്രാൻസിസ് (തിങ്കൾ - ശനി)
2. ഡോ. അന്നു ജോസ് (തിങ്കൾ - ശനി)
3. ഡോ. ബിജേഷ് വി.വി. (ചൊവ്വ, വ്യാഴം)

**പീഡിയാട്രിക് കാർഡിയാക് സർജറി**

1. ഡോ. ജി. എസ്. സുനിൽ (തിങ്കൾ - ശനി)
2. ഡോ. ഫിലിപ്പ്. കെ. മാത്യു (തിങ്കൾ - ശനി)

---

**Advance Booking Numbers**

For Doctors' Appointment: 0484 2402044 (24X7)
0484 2401141 (7.00 am to 6.30 pm)
For Cardiology / Cardiothoracic doctors: 0484 2401821,
0484 2755305 (8.00 am to 4.00 pm)
Health Checkup: 0484 2755099 (7.00 am to 4.30 pm), 94977713386 (24X7)
Radiology: 0484 2400811, 0484 2755395 (8.00 am to 6.00 pm)

**For Information**

Cardiology: 0484 2401821, 0484 2755305 (8.00 am to 4.00 pm)
Cardiothoracic: 9446037302
General Information: 0484 2402044 (24X7)
Emergency Dept & Ambulance: 0484 2755301, 9895756164 (24X7)
Cashless Insurance: 0484 2755386, 0484 2755306 (8.30 am to 5.30 pm)
Gynaecology Emergency: 0484 2755151 (24X7)